2017 മാർച്ച് 25
വാല്യം 10
ലക്കം 06
ബിലീവേഴ്സ് ജേണൽ
BELIEVERS JOURNAL
RNI. NO. KERMAL/2008/26530 POSTAL Reg. No. KL/TLA /225/2015 - 17 Price Rs: 10/- Pages: 08

# അതിരുവിടുന്ന നവമാധ്യമയുദ്ധം




നവമാധ്യമങ്ങളിലൂടെ പെന്തെക്കോസ്തുകാർ നടത്തുന്ന ആശയപ്രചരണങ്ങൾ വ്യക്തിഹത്യയിലേക്ക് നീങ്ങുന്നു. ഉപദേശ സംരക്ഷണത്തിന്റെയും വിശുദ്ധിയുടെയും പേരിലും അതിന് എതിരെയും വരുന്ന പോസ്റ്റുകൾ എല്ലാ അതിരുകളും ലംഘിച്ച് യുദ്ധസമാനമായി മാറുന്നത് വിശ്വാസലോകം ആശങ്കയോടെ വീക്ഷിക്കുന്നു. ഇതിന്റെയെല്ലാം പിന്നിൽ മറഞ്ഞിരുന്ന് യുദ്ധം ചെയ്യിക്കുന്നത് ചില പെന്തെക്കോസ്ത് നേതാക്കളാണെന്ന് നിരീക്ഷകർ അഭിപ്രായപ്പെടുന്നു. വ്യക്തിഹത്യയും അസഭ്യവർഷവുമായി നിയന്ത്രണമില്ലാതെ നീങ്ങുന്ന ഇത്തരം പ്രവണത വലിയ നാശത്തിലേക്കാണ് ഈ സമൂഹത്തെ നയിക്കുന്നത്. ഇത്തരം സാഹചര്യങ്ങളിൽ ഉപദേശവും സഭയുടെ നയവും വ്യക്തമാക്കേണ്ടത് സഭാനേതൃത്വം ആണ്. പെന്തെക്കോസ്ത് ഉപദേശത്തെക്കുറിച്ച് വ്യക്തമാക്കേണ്ടതും കാലഘട്ടത്തിന് അനുസൃതമായ നിലയിൽ അതിനെ വ്യാഖ്യാനിക്കുകയും ചെയ്യേണ്ട സഭാനേതൃത്വം കുറ്റകരമായ മൗനമാണ് ഈ കാര്യത്തിൽ പുലർത്തുന്നത് എന്ന് പരക്കെ ആക്ഷേപമുണ്ട്. പെന്തെക്കോസ്തിന്റെ ഉപദേശം സംരക്ഷിക്കുന്നവർ എന്ന് പറയുന്ന ചിലരും അല്ലാത്ത ചിലരുമൊക്കെ ഉപയോഗിക്കുന്ന വാക്കുകൾ പെന്തെക്കോസ്തിന് യോജിക്കുന്നതല്ല. അതിനാൽ മിതത്വം പാലിക്കുവാൻ എല്ലാവരും തയ്യാറാകണം. പെന്തെക്കോസ്ത് സഭകൾ തമ്മിൽ ഉള്ള ഐക്യം ശ ക്തിപ്പെടുത്തുകയും ഇതിനായി സമിതി രൂപീകരിക്കുകയും വേണം. വേദപുസ്തക അടിസ്ഥാനത്തിൽ ശുശ്രൂഷകൾക്ക് സ്വാതന്ത്ര്യം ഉള്ളപ്പോൾ തന്നെ എല്ലാവിധ ശുശ്രൂഷ കൾക്കും ശുശ്രൂഷകർക്കും സഭയുടെ നിയന്ത്രണം ഈ കാലഘട്ടത്തിൽ അത്യന്താപേഷിതമാണ്. അടിസ്ഥാന വിദ്യാഭ്യാസവും പരിശീലനവും സഭാനേതൃത്വം മുൻകൈയെടുത്ത് നൽകണം. ആർക്കും പെന്തെക്കോസ്തിന്റെ വക്താക്കളായി വരുവാൻ കഴിയുന്ന സാഹചര്യം അപകടകരമാണ്.

സൈബർ ലോകത്തെ യുദ്ധം അവസാനിപ്പിക്കുവാൻ സഭാനേതൃത്വം തന്നെ മുൻകൈ എടുക്കുകയും പെന്തെക്കോസ്തിനെ ശുദ്ധീകരിക്കുവാൻ തയാറാവുകയും വേണം.

## പ്രസംഗകർക്ക് വിലക്ക് എ. ജി. യിലും



പെന്തെക്കോസ്ത് വേദികൾ ഉപയോഗിച്ച് ഈ സമൂഹത്തെയും ശുശ്രൂഷകരെയും നേതൃത്വത്തെയും സ്ഥിരമായി കൺവൻഷൻ വേദികളിൽ അപമാനിക്കുന്ന പ്രസംഗകരെ അസംബ്ലീസ് ഓഫ് ഗോഡ് വേദികളിൽ നിന്ന് ഒഴിവാക്കി നിർത്തുവാൻ അസംബ്ലീസ് ഓഫ് ഗോഡ് മലയാളം ഡിസ്ട്രിക്ട് അനൗദ്യോഗികമായ തീരുമാനം എടുത്തതായും പ്രസ്ബിറ്റർമാർ അത് പ്രാദേശിക സഭാശുശ്രൂഷകന്മാരെ അറിയിക്കുകയും ചെയ്യുമെന്ന് മലയാളം ഡിസ്ട്രിക്ട് കൗൺസിൽ അംഗംകൂടിയായ പാസ്റ്റർ എം. എ. ഫിലിപ്പ് ഒരു ഫോൺ സംഭാഷണത്തിൽ വ്യക്തമാക്കി. ഉപദേശസംബന്ധമായി വിഷയം അല്ല വിലക്കിന് കാരണമെന്നും അതിൽ പറയുന്നു. പ്രസംഗകരായ ഷമീർ കൊല്ലം, അനീഷ് കാവാലം, ജോബി റ്റി. അലക്സ്, ജോബിൻ ഹാൽവിൻ എന്നിവർക്കാണ് വിലക്ക് എന്നറിയുന്നു. ഇത് സംബന്ധിച്ച് ഔദ്യോഗികമായ അറിയിപ്പുകളൊന്നും എ. ജി. നേതൃത്വം നൽകുന്നുമില്ല. ഈ വിലക്കിന്റെ ചുവടുപിടിച്ച് മറ്റ് പെന്തെക്കോസ്ത് സഭകളും വിലക്കുമായി രംഗത്ത് വരുമെന്ന് പറയപ്പെടുന്നു. ഇതിന് അനുകൂലിച്ചും പ്രതികൂലിച്ചും ആളുകൾ രംഗത്ത് എത്തിക്കഴിഞ്ഞു.

## ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസ് (പെർത്ത് 2017) ഒരുക്കങ്ങൾ പൂർത്തിയായി


പാസ്റ്റർ തോമസ് ജോർജ്


ഡോ. ബി. വർഗീസ്


പാസ്റ്റർ സിറിൽ നൊരോണ

**പെർത്ത്:** ഓസ്ട്രേലിയൻ ഇൻഡ്യൻ പെന്തെക്കോസ്തൽ കോൺഫറൻസിന്റെ ഏഴാമത് സമ്മേളനം ഏപ്രിൽ 14,15,16 തീയതികളിൽ പെർത്തിൽ വച്ചു (ലിൻവുഡ് വണ്ടാർ ഹാൾ, എഡ്ജ് വെയെർസ്ട്രീറ്റ്, ലിൻവുഡ് - 6147) നടക്കുന്നു. ഓസ്ട്രേലിയായുടെ എല്ലാ സ്റ്റേറ്റുകളിൽ നിന്നുള്ള വിശ്വാസികൾ പങ്കെടുക്കുന്ന കോൺഫറൻസിനുവേണ്ടി വിപുലമായി ക്രമീകരണങ്ങൾ പൂർത്തിയായതായി ഭാരവാഹികൾ അറിയിച്ചു.

ഏപ്രിൽ 14 വെള്ളിയാഴ്ച വൈകിട്ട് 5.30 നു നാഷണൽ പ്രസിഡന്റ് പാസ്റ്റർ തോമസ് ജോർജ് ഉത്ഘാടനം നിർവ്വഹിക്കുന്ന സമ്മേളനത്തിൽ മണക്കാല ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി പ്രിൻസിപ്പൽ ഡോ. ബി. വർഗീസ് ആണ് മുഖ്യ പ്രസംഗകൻ. "യേശുക്രിസ്തുവിന്റെ പുനരാഗമനം" (അപ്പൊ. 1:11) എന്ന ചിന്താവിഷയം അടിസ്ഥാനമാക്കി നടക്കുന്ന കോൺഫറൻസിൽ സ്വദേശത്തും വിദേശത്തുമുള്ള മറ്റു അഭിഷിക്ത കർത്തൃദാസന്മാരും ദൈവവചനം ശുശ്രൂഷിക്കുന്നതാണ്. സുപ്രസിദ്ധ ക്രിസ്ത്യൻ ഗായകനായ പാസ്റ്റർ സിറിൽ നൊരോണ ഗാനശുശ്രൂഷകൾക്ക് നേതൃത്വം വഹിക്കും.

ശനിയാഴ്ച പകൽ യുവജനങ്ങൾക്കും സഹോദരിമാർക്കും പ്രത്യേക സെഷനുകൾക്ക്

06

## സി. ഇ. എം. ഭാരവാഹികൾ







**തിരുവല്ല:** ക്രിസ്റ്റ്യൻ ഇവാഞ്ചലിക്കൽ മൂവ്മെന്റിന്റെ (CEM) 2017-209 വർഷത്തേക്കുള്ള പുതിയ ഭാരവാഹികളെ തെരഞ്ഞെടുത്തു. ജനറൽ പ്രസിഡന്റ്- പാസ്റ്റർ ഫിലിപ്പ് ഏബ്രഹാം, ജനറൽ സെക്രട്ടറി- പാസ്റ്റർ ജോർജ്ജ് മുണ്ടകൻ, ട്രഷറാർ- ഇവാ. എബി ബേബി, വൈസ് പ്രസിഡന്റുമാർ- പാസ്റ്റർ സോവി മാത്യു, പാസ്റ്റർ രാജീവ് ജി., അസ്സോസിയേറ്റ് സെക്രട്ടറി-ബ്രദർ നിഖിൽ സേവ്യർ, ജോയിന്റ് ട്രഷറർ - പാസ്റ്റർ ജോസ് ജോർജ്ജ്,മെമ്പ ർഷിപ്പ് സെക്രട്ടറി പാസ്റ്റർ സാംസൺ തോമസ്, താലന്ത് പരിശോധന സെക്രട്ടറി-ബ്രദർ റോഷി തോമസ്, മീഡിയ & ലിറ്ററേച്ചർ -പാസ്റ്റർ സിജി ജോൺസൺ, പബ്ലിസിറ്റി കൺവീനർ - പാസ്റ്റർ ജി. ജോസ്, ജനറൽ കോ-ഓർഡിനേറ്റർ - പാസ്റ്റർ ജോമോൻ ജോസഫ്.

മേൽപ്പറഞ്ഞവർ ഉൾക്കൊള്ളുന്ന 23 അംഗ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങളേയും 65 അംഗ ജനറൽ കമ്മറ്റി അംഗങ്ങളേയും തെരഞ്ഞെടുത്തു. ജനറൽ പ്ര

06

## സാക്ഷി



ഏഴംകുളത്തിന് വീണ്ടും അസുഖം തുടങ്ങി.

*ലൂസ് ആന അഥവാ മദമുള്ള ആന ആയതിനാൽ ഇടയ്ക്കിടെ അസുഖം ഉണ്ടാകുമല്ലോ.*

## ബ്യൂട്ടി ആന്റ് ബീസ്റ്റ് സിനിമയ്ക്ക് സുവിശേഷ വിഹിത സഭകളുടെ മുന്നറിയിപ്പ്

● പ്രകാശ് പി. കോശി





ഡിസ്നിയുടെ ഏറ്റവും പുതിയ സിനിമയ്ക്കെതിരെ സുവിശേഷ വിഹിത സഭകളും അനുബന്ധ സംഘടനകളും രംഗത്ത്. സിനിമയിലെ "സ്വവർഗ്ഗ നിമിഷ'ത്തെ അംഗീകരിക്കാനാവില്ലെന്നാണ് ക്രൈസ്തവ സഭകളുടെ പക്ഷം. ഈ രംഗം ഉൾപ്പെടുത്തിയത് കാരണം പല രാജ്യങ്ങളും ഈ സിനിമയ്ക്കെതിരെ തിരിഞ്ഞു. മലേഷ്യ ൻ സെൻസർ ബോർഡ് 'സ്വവർഗ്ഗ നിമിഷ'ത്തെ നീക്കം ചെയ്ത് സിനിമ റിലീസ് ചെയ്യാൻ ഡിസ്നിയെ ഉപദേശിച്ചു. എന്നാൽ ഈ രംഗം നിക്കില്ല എന്നാണ് ഡിസ്നിയുടെ തീരുമാനം. നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ് ഇൻ സിംഗപൂർ, NCCS സിംഗപൂരിലെ സഭകളുടെ കൂട്ടായ്മയും ഈ സിനിമയ്ക്കെതിരെ മുന്നറിയിപ്പ് നൽകി. "യുവതലമുറയെ സ്വവർഗ ആശയങ്ങളോട് അടുപ്പിക്കാൻ ശ്രമിക്കുകയും ഇത് സാധാരണ ജീവിത രീതിയാണെന്നും ഈ സിനിമ പഠിപ്പിക്കാൻ ശ്രമിക്കുന്നു" എന്ന് NCCS സഭകൾക്കയച്ച കത്തിൽ പറയുന്നു. അമേരിക്കയിൽ കുടുംബ മൂല്യങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന പല സംഘടനകളും സിനിമയ്ക്കെതിരെ പ്രതിഷേധിച്ചു. അമേരിക്കൻ ഫാമിലി അസോസിയേഷൻ ഇതുവരെ 50,000 ഒപ്പുകൾ ബ്യൂട്ടി ആന്റ് ബീസ്റ്റി

07

ബിലീവേഴ്സ് ജേണൽ

പത്രാധിപ സമിതി

രക്ഷാധികാരി
റവ. ജോർജ്ജ് വി. മേക്കാട്ട്

ചെയർമാൻ
രാജൻ ആര്യപ്പള്ളിൽ

വൈസ് ചെയർമാൻ
വിൽസൺ ജോർജ്ജ്

ചീഫ് എഡിറ്റർ
പാസ്റ്റർ സാംകുട്ടി മാത്യു

മാനേജിംഗ് എഡിറ്റർ
എം.വി. ഫിലിപ്പ്

ഗൾഫ് എഡിറ്റർ
പാസ്റ്റർ ബിജു ജോയി

സർക്കുലേഷൻ മാനേജർ
ബ്രദർ കെ. റ്റി. ജോഷ്വാ കണ്ടങ്കേരിൽ

കോർഡിനേറ്റർ
പാസ്റ്റർ കെ. ജെ. മാത്യു

മലബാർ കോർഡിനേറ്റർ
പാസ്റ്റർ ജോബിൻ കെ. ജോൺ

**ബിലീവേഴ്സ് ജേണൽ**
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ: 200 രൂപ
യു.എസ്.എ. & കാനഡ: $ 40
യു.കെ: £ 20
ആയുഷ്കാലം: 2000 രൂപ
ഗൾഫ് രാജ്യങ്ങൾ: 1500 രൂപ

**വരിസംഖ്യ അയയ്ക്കേണ്ട വിലാസം**
ബിലീവേഴ്സ് ജേണൽ
P.O.Box:31
Manjadi .P.O.,
Thiruvalla - 689 105
Kerala, India

BELIEVERS JOURNAL
P.O.Box: 620742
Atlanta, GA 30362
USA

Mob: 09447368795 (INDIA)
OFFC: 0469 2666995
Ph: 001 - 678 - 571 - 6398
(USA)

E- mail
beljourn@gmail.com

Website
www.beljourn.com
www.beljourn.in



**അറിയിപ്പ്**
ബിലീവേഴ്സ് ജേണലിൽ വരുന്ന ലേഖനങ്ങളിലെയും പതിവു പംക്തികളിലെയും ആശയങ്ങളുടെയും അഭിപ്രായങ്ങളുടെയും ഉത്തരവാദിത്വം എഴുത്തുകാർക്കുമാത്രമാണ്.
പത്രാധിപർ





# എന്താണ് പെന്തെക്കോസ്ത്?



ബ്രദർ രാജൻ ആര്യപ്പള്ളിൽ
ചെയർമാൻ

ഏ. ഡി. 30-ലെ പെന്തെക്കോസ്ത് നാളിൽ ഭൂമിയിൽ പുതിയനിയമ സഭ ഉടലെടുത്തു എന്നാണ് ചരിത്രകാരൻമാർ പറയുന്നത്. പെന്തെക്കോസ്ത് നാളിലെ അനുഭവത്തിന് അഥവാ പരിശുദ്ധാത്മനിറവിനും അനുഭവത്തിനും പ്രാധാന്യം കൊടുത്ത നമ്മെയും ലോകം പെന്തെക്കോസ്തുകാർ എന്ന് വിളിച്ചു. ഒരു കാലത്ത് ഈ മാർഗ്ഗം അധഃകൃതരുടെയും അത്താഴപ്പട്ടിണിക്കാരുടെയും മാർഗ്ഗമായി ലോകം പരിഹസിച്ചു. അന്ന് ഈ സത്യത്തിനുവേണ്ടി ഇറങ്ങുക എന്നത് വലിയൊരു ത്യാഗം തന്നെയായിരുന്നു. ഉറ്റവരും ഉടയവരും വെറുക്കുകയും സമൂഹത്തിൽ ഒറ്റപ്പെടുകയും ചെയ്യുന്ന ആ സാഹചര്യത്തിലും വചനസത്യങ്ങൾക്കുവേണ്ടി നിലകൊള്ളുവാൻ ഒരു കൂട്ടം തയ്യാറായി. അതിന് അവർ വലിയ വില കൊടുക്കേണ്ടതായി വന്നു. ത്യാഗികളായ പിതാക്കന്മാർ നൽകിയ വിലയുടെ ഫലമാണ് ഇന്നത്തെ പെന്തെക്കോസ്ത് തലമുറ അനുഭവിക്കുന്നത്.

അന്ന് പിതാക്കന്മാർ വിലക്കിയത് ഇന്ന് വിശുദ്ധമായി മാറിയിരിക്കുന്നു. വേർപാട്, വിശുദ്ധി എന്നതിന് അന്ന് പിതാക്കന്മാർ നൽകിയ നിർവ്വചനത്തിന് വചനാടിസ്ഥാനം ഉണ്ടായിരുന്നോ എന്ന ചോദ്യമാണ് ഇന്ന് ഉയരുന്നത്. നാടകം, പുകവലി, വെറ്റില മുറുക്ക്, വിവാഹമോചനം, കോടതിവ്യവഹാരങ്ങൾ, വഴക്കുകൾ ഇവയെല്ലാം സഭാതലത്തിലെ വിലക്കുകൾക്ക് കാരണമായിരുന്നു. മീശയും ഫാഷൻവസ്ത്രവും ഹെയർസ്റ്റൈലും നഖം പോളീഷ് ചെയ്യുന്നതുമെല്ലാം ആ ഗണത്തിലായിരുന്നു പെട്ടിരുന്നത്. അത്തരക്കാർക്കെതിരെ നടപടികൾ ഉറപ്പായിരുന്നു. എന്നാൽ കാലം മാറിയപ്പോൾ അന്ന് വിലക്കിയവരുടെ പിൻതലമുറ ഇതെല്ലാം ജീവിതത്തിന്റെ ഭാഗമാക്കി മാറ്റി എന്നത് പിൽക്കാല ചരിത്രം.

വസ്ത്രധാരണത്തെക്കുറിച്ചും മീശയെക്കുറിച്ചുമൊക്കെ എത്രയോ ചർച്ചകളും പ്രസംഗങ്ങളുമൊക്കെയാണ് ഇവിടെ നടന്നത്. എന്നാൽ അതിലൊന്നിലും അഭിപ്രായ സമന്വയത്തിലെത്തുവാൻ നമുക്ക് കഴിഞ്ഞുമില്ല. ആഭരണധാരികളെ വചനം എന്ന വാൾ ഉപയോഗിച്ച് നമ്മൾ വെട്ടിനുറുക്കി. അതുകൊണ്ട് അനേകർ ഈ മാർഗ്ഗത്തിലെത്താതെ മാറിപ്പോയി. ഇതുകൊണ്ടൊന്നും പെന്തെക്കോസ്തിന് വലിയ പ്രയോജനം ഒന്നും ഉണ്ടായിട്ടുമില്ല. ചർച്ച ചെയ്യപ്പെടേണ്ടതും അനുഷ്ഠിക്കേണ്ടതുമായ ദൈവവചനകല്പനകൾ നമ്മൾ മനപൂർവ്വം ഉപേക്ഷിച്ചു കളഞ്ഞു. പ്രസംഗവും ആരാധനയും കൃപാവരങ്ങളുമൊക്കെ ഭക്തിയുടെ അടയാളമായി നമ്മൾ സ്റ്റേ ജുകളിൽ പ്രദർശിപ്പിച്ച് സായൂജ്യം അടഞ്ഞു. കാതലായ ആത്മഫലം നമ്മൾ ഉപേക്ഷിച്ചു. അതുകൊണ്ടു തന്നെ ഇന്നത്തെ പെന്തെക്കോസ്ത് മൂല്യവും ഗുണവും ഇല്ലാത്ത വെറും ചണ്ടികൂമ്പാരം പോലെ പ്രയോ ജനരഹിതമായി മാറി. ഉപ്പ് കാരം ഇല്ലാതെ പോയാൽ എങ്ങനെയോ അങ്ങനെയാണ് യഥാർത്ഥ പരിശുദ്ധാത്മാവിന്റെ അനുഭവം ഇല്ലാത്ത ഇന്നത്തെ പെന്തെക്കോസ്ത് പ്രസ്ഥാനങ്ങൾ.

ഒരിടത്ത് അതിവിശുദ്ധി. മറുവശത്ത് അതിരുകടന്ന ലോകമയത്വവും പൈശാചികതയും. ഇതിനിടയിൽ ശരിയായ ഒരു പാതയുണ്ട്. സമൂഹത്തിന് വഴി കാട്ടുവാനും വെ ളിച്ചം ആകുവാനും കഴിയുന്ന വചനപ്രകാരമുള്ള വഴി. അതിവിശുദ്ധി എന്നു പറഞ്ഞ് എതിർക്കുമ്പോൾ തന്നെ ലോകത്തിലേക്ക് ഇറങ്ങി പോകുകയും അതിനെ ന്യായീകരിക്കുകയും ചെയ്യുന്നത് വലിയ അപകടമാണ്. എതിർക്കപ്പെടേണ്ട പലതും ഇത്തരം തർക്കങ്ങളുടെ ഇടയിൽ പെന്തെക്കോസ്തിൽ സർവ്വസാധാരണമാകുകയാണ്. സിനിമ, മദ്യപാനം, പലവിധ മാഫിയകൾ, ഗുണ്ടായിസം ഇവയെല്ലാം അംഗീകരിക്കപ്പെടുവാൻ പാടില്ലാത്തതു തന്നെയാണ്. എന്നാൽ ഇതിനെയെല്ലാം എതിർക്കുന്നു എന്നു പറയുന്നവരും വചനമാർഗ്ഗമേ തെരഞ്ഞെടുക്കാവൂ. വാളെടുത്തവൻ എല്ലാം വെളിച്ചപ്പാട് എന്ന സ്ഥിതി മാറണം. എന്തും വിളിച്ചുപറയുന്നത് അല്ല സുവിശേഷപ്രസംഗം. അതിന് നിയോഗം ലഭിച്ചവർ പ്രസംഗിക്കട്ടെ. എന്നാൽ അതിന് നിയന്ത്രണം ഉണ്ട്. വേദികൾ യേശുക്രിസ്തുവിന്റെ രക്ഷണ്യ പ്രവർത്തിയെ വെളിപ്പെടുത്തുന്നതാകണം അല്ലാത്ത തൊന്നും അംഗീകരിക്കപ്പെടുകയില്ല. പരസ്പര പൂരകങ്ങളായി പ്രവർത്തിക്കുവാൻ നാം തയ്യാറാകുകയും സ്വയപരിശോധനയ്ക്കായി ഒരുങ്ങുകയും ചെയ്യുമ്പോൾ കാര്യങ്ങൾ ഭംഗിയാകും. ഇത്തരം സന്ദർഭങ്ങളിൽ ആർജ്ജവം കാട്ടേണ്ടത് സഭാനേതൃത്വങ്ങളാണ്. കസേര ഉറപ്പിക്കുവാനുള്ള ഓട്ടത്തിനിടയിൽ അവർക്കെവിടെ സമയം. അതു കൊണ്ടുതന്നെയാണ് കപടവേഷ ധാരികളായ പലരും ഇവിടെ ആടി തിമർക്കുന്നത്. വേണം നമുക്ക് ഒരു മാറ്റം. വചനാടിസ്ഥാനത്തിൽ അത് ചെയ്യുവാൻ ആത്മീകനേതൃത്വം മുമ്പോട്ട് വരട്ടെ.

## വിധിയും വിചാരണയും

# “ശങ്ക മതി, സംഗം വേണ്ട”



രാജു ആനിക്കാട്

സമകാലീന പെന്തെക്കോസ്തു പരിസരത്തെ കുറ്റവിചാരണ മാന്യതയുടെ എല്ലാ അതിരും ലംഘിക്കുന്നുവെന്നു തോന്നുന്നു. സമൂഹമാധ്യമങ്ങൾ ഇത്രയും ജനകീയമാകുകയും എന്തും പറയാനുള്ള സ്വാതന്ത്ര്യവും ആണ് കാര്യങ്ങൾ ഇ ങ്ങനെയൊക്കെ ആക്കിയത്.

ഏതെങ്കിലും കർമ്മമണ്ഡലങ്ങളിൽ അല്പം ജനകീയരായവർക്കെതിരേയൊക്കെ വിമർശനം ഉന്നയിക്കുമ്പോൾ അപ്രശസ്തർ പലരും പ്രശസ്തരാകുന്നു എന്നൊരു നേട്ടവും ഉണ്ട്. സഭയുടെ നേതൃരംഗത്തുള്ളവർ സഭയുടെ മാത്രം സ്വത്തല്ല. ക്രിസ്തു സഭയുടെ മാത്രമല്ല. മനുഷ്യരുടെ എല്ലാവരുടെയുമാണ്. ക്രിസ്തു സഭയുടെ മാത്രം രക്ഷകനല്ല ലോകത്തിന്റെ മുഴുവൻ രക്ഷകനാണ്. ആ ക്രിസ്തു ഇപ്പോൾ വലിയ എസ്റ്റാബ്ലീഷ്മെന്റായ സഭയുടെ തടവറയിലാണെന്ന് പറഞ്ഞുകേട്ടിട്ടുണ്ട്. ഇതുപോലെ നേതാക്കന്മാരെ സഭയുടെ തടവറയിലിടാനുള്ള പരിശ്രമം കൊണ്ട് ഒന്നും നേടാനില്ല.

നാം ഈ ഭൂമിയിലാണ് വസിക്കുന്നത്. അല്പം ജനകീയംഗീകാരമോ നായക പദവിയോ ഒക്കെ വന്നു ഭവിച്ചാൽ ഒരിടത്തും നിൽക്കാനും നടക്കാനും ഇരിക്കാനും വയ്യാത്ത ഗതികേടുണ്ടാകുമോ? ഇവർ പറയുന്ന പാപികളുടെ വഴിയും പരിഹാസികളുടെ ഇരിപ്പിടവുമൊക്കെ ഇപ്പറയുന്നതാണെങ്കിൽ ഈ ഭൂപരപ്പിൽ ആർക്കു നിൽക്കാനാകും. പണ്ടത്തെ കേരളത്തിലെ നമ്പൂതിരി സ്ത്രീകളുടെ കാര്യം വായിച്ചറിഞ്ഞിട്ടുണ്ട്. തികഞ്ഞ അസ്വാതന്ത്ര്യത്തിലായിരുന്നു ഈ അകത്തമ്മമാർ. അന്ന് ചാരിത്രദോഷത്തിന് ശങ്കമതി. സംഗം വേണ്ട എന്നായിരുന്നു വ്യവസ്ഥ എന്നു വെച്ചാൽ ഒരു സ്ത്രീയുടെ ചാരിത്രത്തിൽ ആർക്കെങ്കിലും ഒരു ശങ്ക, സംശയം തോന്നിയാൽ മതി. അവരെ കഠിന വിചാരണയ്ക്കു വിധേയമാക്കുമായിരുന്നു.

പെന്തെക്കോസ്തിലെ വിചാരണകളെല്ലാം ഇന്ന് ഒരു ശങ്കമതി ഒരാളുമേൽ പാപമാരോപ്പിക്കാൻ, കഠിന വിചാരണയ്ക്കു കൊണ്ടുവരാൻ എന്ന സ്ഥിതിയിലായിരിക്കുന്നു. ഈ അവസ്ഥയെയല്ലേ ഫാസിസം എന്നു വിളിക്കേണ്ടത്. അസഹിഷ്ണതയുടെ ആൾരൂപങ്ങൾ പെന്തെക്കോസ്തിൽ ഉറഞ്ഞുതുള്ളുകയാണ്. ഇവരെന്നു ചിന്തിക്കേണം. ഈ മണ്ണിനോടും പെണ്ണിനോടും ഒന്നിനോടും അടുക്കാനാവാത്ത ആത്മികതയാണോ ബൈബിൾ മുമ്പോട്ടു വയ്ക്കുന്നത്. ഇവയെല്ലാം ഇത്രമാത്രം. വെറുക്കപ്പെടേണ്ടതാണെങ്കിൽ അന്യഗ്രഹ ജീവികളാകേണ്ടി വരുമല്ലോ.

പെന്തെക്കോസ്തിന് കഴമ്പുള്ള എത്രയോ വിഷയങ്ങൾ ചർച്ച ചെയ്യാനുണ്ട്. മതചിഹ്നങ്ങൾ എന്ന നിലയിൽ വസ്ത്രവും, ഹെയർസ്റ്റൈലും രാഷ്ട്രീയവും ഒക്കെ ഒരു നൂറ്റാണ്ട് ചർച്ച ചെയ്തിട്ടും എങ്ങും എത്തിയില്ലെങ്കിൽ ഇനിയെങ്കിലും ഇതൊക്കെ ഉപേക്ഷിച്ചു കൂടെ. സാമൂഹിക ജീവികൾ എന്ന നിലയിലുള്ള ഒരു പെന്തെക്കോസ്തു നേതാവിന്റെയോ അണികളുടെയോ സഹകരണവും ബന്ധവുമൊക്കെ മതത്തിന്റെയും വിശ്വാസത്തിന്റെയും കണ്ണിലൂടെ മാത്രം കാണാതെ അതിനൊക്കെ ഒരു സാമൂഹിക മാനം നൽകാൻ കഴിഞ്ഞിരുന്നെങ്കിൽ. അല്ലാത്ത തരത്തിലുള്ള വിമർശനങ്ങൾ മതതീവ്രവാദത്തിന്റെ നിലയിലേക്ക് താഴ്ന്നു പോകുന്നതാണ്.

നമ്മുടെ വിമർശനങ്ങൾ മനുഷ്യരും മതങ്ങളും തമ്മിൽ വിദ്വേഷം വളർത്തുന്നതാകരുത്. അതൊക്കെ ഇന്നത്തെ സാഹചര്യത്തിൽ ഗുണം ചെയ്കയില്ല.

നാം വിശുദ്ധിയുടെ തു....നിന്നും പറയുന്നതു പലതും അന്യമതസ്ഥന്റെ സ്ഥാനത്തുനിന്നു കേൾക്കണം. അപ്പോൾ അറിയാം അതിന്റെ നൊമ്പരം. ഈ മതേതര സമൂഹത്തിൽ ഒരല്പം മിതത്വം പാലിച്ചാൽ നല്ലതാണെന്നു തോന്നുന്നു.

# ശാരോൻ സൺഡേ സ്കൂൾ നാഷണൽ ക്യാമ്പ്

**തിരുവല്ല:** ശാരോൻ ഫെലോഷിപ്പ് സൺഡേസ്കൂൾ അസോസിയേഷൻ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും സംയുക്തമായി സംഘടിപ്പിക്കുന്ന നാലാമത് നാഷണൽ ക്യാംപ് 2017 ഏപ്രിൽ 10 തിങ്കൾ മുതൽ 12 ബുധൻ വരെ അടൂർ മാർത്തോമ്മാ യൂത്ത് സെന്ററിൽ വെച്ചു നടക്കും. ക്രിസ്തുവിന്റെ പരിജ്ഞാനം എന്നതാണ് ഈ വർഷത്തെ ക്യാംപിന്റെ ചിന്താവിഷയം.

റവ. ജോൺ തോമസ്, ഡോ. റ്റി.ജി. കോശി, ഡോ. റ്റി.പി. ഏബ്രഹാം, പാസ്റ്റർമാരായ പി.എം. ജോൺ, ഏബ്രഹാം ജോസഫ്, ഫിന്നി ജേക്കബ്, പ്രൊഫ. സാം സ്കറിയ, ഡോ. എബി പി. മാത്യു, ഡോ. സജി ലൂക്കൊസ്, പി.സി. തോമസ്, സിജു തോമസ് ആലഞ്ചേരി,പാസ്റ്റർ അനിൽ ഇലന്തൂർ, റവ.റെനി വെസ്ലി തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ക്ലാസുകൾ നയിക്കും. ജൂണിയർ സെക്ഷന് ട്രാൻഫോമേഴ്സും സംഗീത പരിശീലനത്തിന് പാസ്റ്റർ സ്റ്റാൻലി മാത്യുവും നേതൃത്വം നൽകും.

ഏപ്രിൽ 10 തിങ്കളാഴ്ച രാവിലെ 8 മണിക്ക് രജിസ്ട്രേഷൻ ആരംഭിക്കും. 10 മണിക്ക് ഉദ്ഘാടന സമ്മേളനം നടക്കും. തുടർന്ന് പ്രധാന സെക്ഷനുകൾ ആരംഭിക്കും. തീം പ്രസന്റേഷൻ, മിഷൻ ചലഞ്ച്, സിങ്ങ് & പ്രെയ്സ്, ബൈബിൾ സ്റ്റഡി തുടങ്ങിയുള്ള പൊതു പ്രോഗ്രാമുകൾക്കൊപ്പം തന്നെ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും പ്രത്യേകം സെക്ഷനുകളാണ് ക്രമീകരിക്കുന്നത്. അധ്യാപകർക്കായി നൂതന പരിശീലന പരിപാടികൾ, ചർച്ചകൾ, അധ്യാപനത്തിന്റെ ടെക്നിക്കുകൾ തുടങ്ങിയുള്ള പ്രോഗ്രാമുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ടീനേജ് വിദ്യാർത്ഥികൾക്കായി (പതിമൂന്നു വയസു മുതൽ) മോട്ടിവേഷൻ സെമിനാർ, കരിയർ ഗൈഡൻസ്, പ്രായോഗിക ക്രിസ്തീയ ജീവിതം, സാമൂഹ്യമാധ്യമങ്ങളോടുള്ള ആരോഗ്യകരമായ സമീപനം തുടങ്ങിയ ക്ലാസുകൾ ക്രമീകരിച്ചിരിക്കുന്നു.

പതിമൂന്നു വയസിനു താഴെയുള്ള കുട്ടികൾക്കായാണ് ജൂണിയർ സെക്ഷൻ. പതിമൂന്നു വയസിനു മുകളിലുള്ളവർക്ക് 200 രൂപയും ജൂണിയേഴ്സിന് 150 രൂപയുമാണ് ക്യാംപ് ഫീസ്.

ക്യാമ്പിന്റെ വിജയകരമായ നടത്തിപ്പിന്റെ ക്രമീകരണങ്ങൾക്കായി ബ്രദർ റോഷി തോമസ് കോർഡിനേറ്ററായും, പാസ്റ്റർ റോയി വർഗീസ് (പ്രെയർ), ബ്രദേഴ്

07

**യുവജന പംക്തി**

# ബലഹീനതകളെ അതിജീവിക്കുക



ബിനു ജോസഫ്
വടശ്ശേരിക്കര

നിങ്ങൾക്കു സാദ്ധ്യമാണെന്ന എന്റെ ആദ്യഗ്രന്ഥം പുറത്തിറങ്ങിയശേഷം എനിക്ക് അനേക പ്രതികരണങ്ങൾ ലഭിച്ചു. രണ്ടാം പതിപ്പിന്റെ പരസ്യം കണ്ടിട്ട് ശാരീരിക വൈകല്യം ബാധിച്ച ജോസഫ് എന്ന യുവാവ് പുസ്തകം ആവശ്യപ്പെട്ട് എനിക്ക് കത്തെഴുതി. നല്ല വടിവൊത്ത അക്ഷരങ്ങൾ, വ്യത്യസ്തമായ ശൈലി ഇംഗ്ലീഷും ഇടക്കിടെ ഉപയോഗിച്ചിരിക്കുന്നു.... അവസാനമായി കത്തിൽ തെറ്റുകളുണ്ടെങ്കിൽ ക്ഷമിക്കണമെന്ന അഭ്യർത്ഥനയും. ഞാൻ പുതിയ പതിപ്പിന്റെ ഒരു കോപ്പി അദ്ദേഹത്തിന് അയച്ചു കൊടുത്തു. ചില ദിവസങ്ങൾ കഴിഞ്ഞപ്പോൾ ഈ സ്നേഹിതൻ എന്നെ ഫോണിൽ വിളിച്ച് തന്റെ ജീവിതത്തിലെ സകല പ്രതീക്ഷയും അസ്തമിച്ചിരിക്കുമ്പോഴാണ് ഈ പുസ്തകം ലഭിച്ചതെന്നും, അത് തനിക്ക് ഒരു പുതിയ അനുഭവം പകർന്നു എന്നും വിളിച്ചറിയിച്ചു....

ആ സംസാരം തുടങ്ങുമ്പോൾ തന്നെ ജോസഫിന്റെ കത്തും ആ ശൈലിയും എന്റെ മനസ്സിലേക്ക് എത്തി. ഞാൻ പറഞ്ഞു, "നിങ്ങളുടെ കൈയ്യക്ഷരം കണ്ടപ്പോൾ തന്നെ നിങ്ങൾ ഒരു കഴിവുള്ളയാളാണെന്ന് എനിക്കു മനസിലായി...." വെറും നേഴ്സറി വിദ്യാഭ്യാസം കൊണ്ടാണ് താൻ ഈ കത്ത് എഴുതിയതെന്ന് പറഞ്ഞ മറുപടി വിശ്വസിക്കുവാൻ എനിക്ക് അല്പം ബുദ്ധിമുട്ട് തോന്നി.

വെറും നേഴ്സറി വിദ്യാഭ്യാസം മാത്രമുള്ള ഒരാൾക്ക് ഇത്രയും നല്ല രീതിയിൽ എഴുതുവാൻ കഴിയില്ലല്ലോ എന്നതായിരുന്നു എന്റെ ധാരണ. എന്നാൽ അദ്ദേഹം പറഞ്ഞത് വൈകല്യം കാരണം എന്റെ മാതാപിതാക്കൾ എന്നെ സ്കൂളിൽ വിട്ടില്ല എന്ന ഞെട്ടിപ്പിക്കുന്ന വാർത്തയാണ്. ഇന്ന് 35 വയസ് പ്രായമുള്ള ഇയാൾ വീടിന്റെ ഒരു മൂലയിൽ ഒതുങ്ങിയിരിക്കുകയാണ്.

**വൈകല്യം തടസമോ?**

ജീവിതത്തിലെ വൈകല്യങ്ങൾ ഒരു തടസ്സമാണോ? എന്നത് ആരെയും ചിന്തിപ്പിക്കുന്ന ഒന്നാണ്. മുകളിൽ കണ്ട സംഭവം അതിന് ഒരു ദാഹരണമാണ്. വൈകല്യം ഒരു വിധിയായി കണ്ട്, പഠിക്കുവാൻ പോലും അയക്കാതെ മാതാപിതാക്കൾ വീട്ടിനകത്തെ തടവറയിൽ അടച്ചു.... എന്നാൽ വൈകല്യങ്ങൾ ഒരു തടസമല്ലെന്ന് തെളിയിക്കുകയാണ് ഇനി പറയുന്നവർ-

☞ നിക്ക് വുജ്സിസ്
☞ ജോണി എറിക്സൺ
☞ ഹെലൻ കെല്ലർ
☞ ലൂയിസ് ബ്രെയ്‌ലി

വൈകല്യം തടസ്സമായിരുന്നെങ്കിൽ നിക്ക് ഇന്ന് ഇവിടെ എത്തുമായിരുന്നില്ല. ജീവിതത്തിൽ ദൈവാശ്രയത്തോടെ ചുവടുവെച്ചാൽ വിജയം നിശ്ചയമാണെന്നതിന് ഉത്തമ ഉദാഹരണമാണ് ഈ കഥ. (അദ്ധ്യായം 11) ജീവിതത്തിൽ സംഭവിച്ചതോർത്ത് ദുഃഖിക്കുകയോ പരിതപിക്കുകയോ ചെയ്യാതെ ദൈവത്തിന് ഇതിൽ കൂടിയും ചില പദ്ധതികൾ ഉണ്ടെന്ന ഉറപ്പ് പ്രാപിക്കുവാൻ കഴിഞ്ഞാൽ പിന്നെ ദുഃഖിക്കേണ്ടിവരില്ല.

**നിക്കിന്റെ വിജയരഹസ്യം**

☞ ദൈവത്തിലുള്ള ആശ്രയം
☞ പ്രോത്സാഹനമായി മാതാപിതാക്കൾ
☞ ക്രിയാത്മകമായി ചിന്തിക്കുവാനുള്ള കഴിവ്
☞ ലക്ഷ്യത്തോടുള്ള ജീവിതം
☞ എല്ലാറ്റിന്റെയും നല്ല വശം ഉൾക്കൊള്ളുവാനുള്ള മനസ്സ്
☞ മാംസപിണ്ഡമായ തനിക്കും ഈ ലോകത്തിൽ ചിലത് ചെയ്യുവാനുണ്ടെന്ന ബോദ്ധ്യം

മുകളിൽ പറഞ്ഞ ബോദ്ധ്യം പ്രാപിക്കാത്തതിനാലാണ് ചിലരെങ്കിലും ബലഹീനതയിലും ഇല്ലായ്മയിലും ക്ഷീണിച്ച് യാത്ര മതിയാക്കുന്നത്. കഴിഞ്ഞ ചില നാളുകളായി ശാരീരിക ബലഹീനതകൾ നേരിട്ടവരെ ഞാൻ കണ്ടും അന്വേഷിച്ചും പഠിച്ചും വരികയാണ്. ആ പഠനം എന്നെ ചില പ്രത്യേക കണ്ടുപിടിത്തങ്ങളിലേക്ക് നയിച്ചു. ഇവരിൽ;

ചിലർക്കെങ്കിലും ബലഹീനതകളാണ് അവരുടെ ബലം എന്ന് ഉറപ്പുണ്ട്.

● ദൈവാശ്രയമുള്ളവർ ജീവിതത്തിലെ ബലഹീനതകളെ വിജയകരമായി നേരിട്ടിട്ടുണ്ട്.
● ശാരീരികമായി ബലഹീനരെങ്കിലും, ആ ബലഹീനത നേരിടാൻ മറ്റ് ചില വിശിഷ്ട്യ കഴിവുകൾ ദൈവം അവർക്ക് നൽകിയിട്ടുണ്ട്.
● ജന്മനാ വൈകല്യവുമായി പിറന്നവർ എല്ലാം തന്നെ അത് സ്വയം അംഗീകരിക്കുന്നവരാണ്.
● അവരുടെ വളർച്ചക്ക് പിന്നിൽ മാതാവിനോ, പിതാവിനോ മറ്റ് അടുത്ത ഒരാൾക്കോ കൂടുതൽ സ്വാധീനമുണ്ട്.
● മറ്റുള്ളവരുടെ സഹതാപം ആഗ്രഹിക്കാത്തവരാണിവരെല്ലാം തന്നെ.
● ഇവർക്ക് പ്രതിസന്ധികളെ നേരിടുവാനുള്ള മാനസികശേഷി അല്പം കൂടുതലാണ്.
● കാര്യഗ്രഹണശേഷി ഇത്തരക്കാർക്ക് കൂടുതലുണ്ട്.
● ദൈവം നൽകിയ ബലഹീനതകളെ അംഗീകരിക്കുകയാണ് വിജയത്തിനാധാരം.

നിക്കിനെപ്പറ്റി ചിന്തിച്ചപ്പോൾ, പൗലോസിന്റെ വചനങ്ങൾക്ക് പുതിയൊരു വിവർത്തനം എന്റെ ചിന്തയിൽ ഉദിച്ചു: "കാലും കൈയ്യും ഉള്ളവരെ ലജ്ജിപ്പിപ്പാൻ ലോകത്തിൽ കൈയ്യു കാലും ഇല്ലാത്ത നിക്കിനെയും കണ്ണുള്ളവരെയും ലജ്ജിപ്പിപ്പാൻ കണ്ണില്ലാത്ത ഫാനി ക്രോസ്ബിയെയും ദൈവം തിരഞ്ഞെടുത്തു......"

പൗലോസ് പറയുന്നു; ബലമുള്ളതിനെ ലജ്ജിപ്പിപ്പാൻ ദൈവം ലോകത്തിൽ ബലഹീനമായതു തിരഞ്ഞെടുത്തു (1കൊരി.1:27) ബലഹീനമായതിനെ ഇഷ്ടപ്പെടുന്ന ദൈവം ബലഹീനരെയും ക്ഷീണിതരെയും ഉപേക്ഷിക്കുന്നില്ല.

**ദൈവം അറിയാതെ ഒന്നും.....**

ഏതൊരാളുടെയും ജീവിതത്തിൽ ദൈവം അറിയാതെ ഒന്നും സംഭവിക്കുന്നില്ല. ബലഹീനത, ഇല്ലായ്മ, തകർച്ചകൾ എല്ലാം ദൈവം അറിയുന്നു. പലതിന്റെയും കാരണക്കാർ ഒരു പക്ഷേ നാം തന്നെ ആയിരിക്കാം. എങ്കിലും കുറ്റം ചാർത്തി, ദൈവം നമ്മെ പുറന്തള്ളുകയില്ല. മറ്റ് ചിലരിൽ ദൈവപ്രവൃത്തിക്കായി ബലഹീനതകളോ, പരാജയങ്ങളോ നേരിടാം. യോഹ.9-ൽ യേശുവിന്റെ അടുക്കലേക്ക് വന്ന കുരുടൻ എന്തുകൊണ്ട് അന്ധനായി പിറന്നു എന്ന ചോദ്യത്തിന് യേശു നൽകുന്ന മറുപടി; "ദൈവപ്രവൃത്തി അവങ്കൽ വെളിപ്പെടുവാനത്രേ" എന്നാണ്. സൗഖ്യം നൽകിയും സൗഖ്യം നൽകാതെയും ദൈവപ്രവൃത്തി വെളിപ്പെടുത്തുവാൻ ദൈവത്തിന് കഴിയും.

എല്ലാറ്റിനും അത്ഭുതം പ്രതീക്ഷിക്കുന്നവരാണ് പലരും. എന്നാൽ ആയിരിക്കുന്ന അവസ്ഥയിൽ ദൈവത്തിന് ചിലരെ ആവശ്യമാണ്. ബലഹീനതയിൽ സൗഖ്യം നൽകുന്ന ദൈവത്തേക്കാൾ ബലഹീനതകളിൽ ബലം നൽകുന്ന ദൈവത്തെയാണ് ഞാൻ ഇഷ്ടപ്പെടുന്നത്.

ഒരു ഇംഗ്ലീഷ് ഗാനത്തിന്റെ വരികൾ ഇപ്രകാരം ആണ്

"And now let the weak say I am strong;
and Let the poor say I am rich;
and Because of what the Lord has done for us"

**വേദ പഠനം**

# ഇടയ ലേഖനങ്ങൾ
## (The Pastoral Epistles)

-തുടർച്ച-

**തിമൊഥെയൊസ്**



എഡിസൺ തോമസ്
വേങ്ങൂർ, 9961336353



അനാഥരുടെയും വിധവമാരുടെയും പരദേശികളുടെയും സംരക്ഷണ ചുമതല സമൂഹത്തിനാണ് എന്നു മോശെയുടെ ന്യായപ്രമാണം അനുശാസിച്ചിരുന്നു ആവ:10:18; 16:11,14. ക്രിസ്തീയ സഭ ആ നല്ല പാരമ്പര്യം സ്വീകരിച്ചു. ആവശ്യത്തിലും ഭാരത്തിലുമിരിക്കുന്ന വിധവമാരെയും പാവങ്ങളെയും നിർദ്ധനകുടുംബങ്ങളെയും സഹായിക്കുവാനുള്ള കടമയും കർത്തവ്യവും കുടുംബങ്ങളും ഉണ്ട് എന്നും ബൈബിൾ പഠിപ്പിക്കുന്നു. ബന്ധുക്കളും ചാർച്ചക്കാരും ആ ദൗത്യം ഏറ്റെടുക്കണം. ഇതിനു വളരെ തെളിവായിട്ടുള്ള പുസ്തകമാണ് രൂത്തിന്റെ പുസ്തകം. വിശുദ്ധബൈബിളിൽ വിധവമാരെപറ്റി പ്രതിപാദിക്കുന്ന അനേക കുടുംബ വേദ ഭാഗങ്ങളുണ്ട് ആവ:27:19; യെശ: 1:17; സങ്കീ: 146: 9; രൂത്ത് 1:16; മർക്കോ:12:41-44; ലൂക്കോ:7: 11-17; അ. പ്രവ:9:36-41.

ആദിമസഭയിൽ ഔദ്യോഗികമായി അംഗീകരിക്കപ്പെട്ടിരുന്ന വിധവമാരുടെ ക്രമം ഉണ്ടായിരുന്നു. അവർക്കു പ്രത്യേകപദവിയും സ്ഥാനവും സഭയിൽ നൽകിയിരുന്നു. എന്നാൽ ശുശ്രൂഷകന്മാരെ കുപ്പായമോ, അംശവടിയോ മോതിരമോ ഉണ്ടായിരുന്നില്ല. ചെറിയ ചെറിയ ശുശ്രൂഷകളിൽ അവരെയും ഉൾപ്പെടുത്തിയിരുന്നു. അവരുടെ ശുശ്രൂഷ പ്രധാനമായും യാചനയും(1തിമൊ: 5:5, ഫിലി:4:6) പക്ഷവാദം മറ്റുള്ളവർക്കുവേണ്ടിയോ, അവരുടെ ആവശ്യങ്ങൾക്കോ താൽപര്യത്തിനോ വേണ്ടി വാദിക്കുക(1തിമൊ:2:1-8) ഏറ്റുപറച്ചിൽ, പാപത്തെക്കുറിച്ചുള്ള ബോധവും അതിന്മേലുള്ള അനുതാപവും തുടർന്നുള്ള പാപക്ഷമയ്ക്കുള്ള അപേക്ഷയും സ്തോത്രവും(കൃതജ്ഞത), ദൈവത്തിൽ ലഭിക്കുന്ന അനുഗ്രഹങ്ങൾക്കു നന്ദി പറച്ചിലും കൊലൊ: 3: 17, ചുരുക്കത്തിൽ പ്രാർത്ഥനയിലും മദ്ധ്യസ്ഥ പ്രാർത്ഥനയിലും മറ്റു സഹായിക്കുവാൻ വിധവമാർക്കും സഹോദരിമാർക്കും കഴിയും. സണ്ടേസ്കൂൾ പോലെയുള്ള ശുശ്രൂഷയിൽ സഹോദരിമാർക്കു സഹായിക്കുവാൻ കഴിയും. ലോകം മൊത്തം ചുറ്റിനടന്നു ശുശ്രൂഷ ചെയ്യുവാൻ സഹോദരിമാരെ നിയമിച്ചിട്ടില്ല. ഇന്നു നമ്മുടെ ഇടയിൽ ധാരാളം സഹോദരിമാർ ലോകം ചുറ്റി നടന്നു പ്രവചനവും പ്രസംഗവും ചെയ്യുന്നവരുണ്ട്. അങ്ങനെ ഊടാടി നടന്നുള്ള സ്ത്രീകളുടെ ശുശ്രൂഷകളെ കുറിച്ച് ബൈബിൾ പറയുന്നില്ല. അവർക്കു ബൈബിൾ പറയുന്ന ശുശ്രൂഷകൾ പ്രാർത്ഥന, മദ്ധ്യസ്ഥ പ്രാർത്ഥന, ലഘുലേഖ വിതരണം വീടുവീടാന്തരം കയറിയിറങ്ങിയുള്ള സുവിശേഷഘോഷണം, സഭയിൽ കുട്ടികളെ ബൈബിൾ പഠിപ്പിക്കുക, വിടുകളിൽ കുഞ്ഞുങ്ങളെ വചനം പഠിപ്പിക്കുക, ദേശത്തിനുവേണ്ടി പ്രാർത്ഥിക്കുക, മിഷൻ പ്രവർത്തനത്തിനുവേണ്ടി പ്രാർത്ഥിക്കുക ഇതൊക്കെയാണ്. ഇവരുടെ യോഗ്യതയും പ്രായവും ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രാർത്ഥനയ്ക്കും ശുശ്രൂഷയ്ക്കുമായി മാറി വേർതിരിയേണ്ടിവരുടെ യോഗ്യതകൾ-

1. ഏകഭർത്താവിന്റെ ഭാര്യയായിരുന്നവളായിരിക്കണം (വാക്യം:9)
2. സത്പ്രവർത്തികളിൽ മുഴുകിയിരിക്കുന്നവരായിരിക്കണം (വാക്യം:10)
3. മക്കളെ യോഗ്യമാം വണ്ണം വളർത്തിയവളായിരിക്കണം.
4. അതിഥി സൽക്കാര പ്രിയയായിരിക്കണം.
5. വിശുദ്ധന്മാരുടെ കാൽകഴുകിയിട്ടുള്ളവർ ആയിരിക്കണം.

മുകളിൽ പറഞ്ഞിരിക്കുന്ന യോഗ്യതകളുടെ അടിസ്ഥാനത്തിൽ വിവാഹമോചനം ചെയ്തവരും ഭാര്യയെ ഉപേക്ഷിച്ചവരും, ഒളിച്ചോടിയവരും, തട്ടിക്കൊണ്ടു പോയവരും ഈ ശുശ്രൂഷ ചെയ്യുവാൻ പാടുള്ളതല്ലാ എന്നാൽ ഇന്നു എന്താണ് ദൈവസഭയിൽ സംഭവിക്കുന്നത്, സത്പ്രവർത്തികളിൽ പേർ കേട്ടവരാണോ ശുശ്രൂഷ നേതൃത്വ സ്ഥാനത്ത് ഇരിക്കുന്നവരുടെ ഇംഗിതത്തിനൊത്ത് പ്രവർത്തിക്കുന്നവരാണോ, മക്കളെ പോറ്റുവാനോ യോഗ്യമാം വണ്ണം വളർത്തുവാൻ സമയം കണ്ടെത്താതെ ഉലകം ചുറ്റി നടക്കുന്നവരോ, അതിഥിസൽക്കാരമോ വിശുദ്ധന്മാരുടെ കാൽ കഴുകയോ, കാല് വാരുകയോ എന്താണ് ചെയ്തിട്ടുള്ളത്. ഇതൊക്കെ ഒന്നു വിലയിരുത്തിയിട്ട് വേണം ശുശ്രൂഷകന്മാരായി അംഗീകരിക്കുകയും അവസരം കൊടുക്കുകയും ചെയ്യേണ്ടത്. അല്ലാതെ പല്ല് പറിക്കുവാനുണ്ടോ എന്നു ചോദിച്ച് നടക്കുന്നവരെ പോലെ ശുശ്രൂഷ ഉണ്ട് എന്നു പറഞ്ഞു നടക്കുന്നവർക്ക്, അതുകൊണ്ട് ക്രൈസ്തസഭ ഇന്നു കള്ളന്മാരെ കൊണ്ടും കള്ളപ്രവാചകന്മാരെ കൊണ്ടും കള്ള പ്രവചനങ്ങളും കൊണ്ട് നിറഞ്ഞിരിക്കുകയാണ്. ഇത് ദൈവസഭയ്ക്ക് അപമാനവും ശുശ്രൂഷയ്ക്കു അഭംഗിയുമാണ് ഇങ്ങനെയുള്ള ശുശ്രൂഷ കൊണ്ട് സഭയ്ക്കു എന്തെങ്കിലും പ്രയോജനമുണ്ടായിട്ടുണ്ടോ മറിച്ച് പ്രശ്നങ്ങളും കുടുംബകലഹങ്ങളും സഭകളും പിളർന്നതല്ലാതെ.....

ഇവരുടെ പ്രായം ഇവിടെ പറഞ്ഞിരിക്കുന്നത് അറുപത് വയസ്സ് അപ്പോൾ അറുപത് വയസ്സിനു ചില പ്രത്യേകതകളുണ്ട് പുരാതന മധ്യപൂർവ്വ പൗരസ്ത്യ രാജ്യങ്ങളിൽ അതുകൊണ്ടാണ് അറുപത് എന്ന സംഖ്യയ്ക്ക് ഇവിടെ പ്രത്യേകം എടുത്തു പറഞ്ഞിരിക്കുന്നത്. അറുപതിൽ താഴെയുള്ളവരെ ഇവർ അംഗീകരിക്കുമെങ്കിലും അറുപതിനു മുകളിൽ ഉള്ളവരാണ് കൂടുതൽ പരിഗണനയും മുൻഗണനയും നൽകിയിരുന്നത്. കാരണം ഈ പ്രായം പക്വതയുടെയും ലൈംഗിക താലപര്യങ്ങൾ കുറയുന്ന പ്രായവുമാണ്. അറുപത് വയസ്സിനു മുകളിൽ പ്രായമുള്ള വിധവമാർ കുഞ്ഞുങ്ങളെ യോഗ്യമാം വണ്ണവും പത്ഥ്യോപദേശത്തിലും വളർത്തണം. തിമൊഥെയൊസിന്റെ അമ്മയും വല്ല്യമ്മയും അപ്രകാരം വളർത്തിയതായി പൗലോസ് തിമൊഥെയൊസിനെ ഓർമ്മപ്പെടുത്തുന്നുണ്ട്. അക്കാലത്ത് നിലനിന്നിരുന്ന ഒരു ആചാരം ഒരു കുഞ്ഞു ജനിച്ചാൽ പിതാവിന്റെ കാല്ക്കൽ ആദ്യം കൊണ്ടുവയ്ക്കും. പിതാവ് കുനിഞ്ഞു ആ കുഞ്ഞിനെ എടുക്കുകയാണെങ്കിൽ ആ കുഞ്ഞിനെ അംഗീകരിച്ചിരിക്കുന്നു. വളർത്തുവാൻ താല്പര്യപ്പെടുന്നു എന്നു സാരം. അതല്ല, പിതാവ് തിരിഞ്ഞു മാറിക്കളഞ്ഞാൽ ആ കുഞ്ഞിനെ അംഗീകരിക്കുന്നില്ല എന്നു ചുരുക്കം. അങ്ങനെയുള്ള കുഞ്ഞുങ്ങളിൽ പെൺകുഞ്ഞുങ്ങളെ വേശ്യാലയത്തിലും മറ്റും വളർത്തി അസന്മാർഗിക ജീവിതത്തിനു ഉപയോഗിക്കും. ആൺകുഞ്ഞുങ്ങളെ അടിമകളായി വളർത്തും. എന്നാൽ അങ്ങനെ ഉള്ള കുഞ്ഞുങ്ങളെ മുകളിൽ പറഞ്ഞ വിധമുള്ള തകർന്ന അനുഭവത്തിൽ കൈവിട്ടു കളയാതെ ക്രിസ്തീയ അന്തരീക്ഷത്തിൽ വളർത്തണമെന്നു കരുതി സ്വീകരിക്കുന്ന ചിലർ ഉണ്ടായിരുന്നു. അങ്ങനെയെങ്കിൽ മേൽപ്പറഞ്ഞ വിധം പുറന്തള്ളപ്പെടുന്ന കുഞ്ഞുങ്ങളെ സ്വീകരിച്ചു ക്രിസ്തീയ അന്തരീക്ഷത്തിൽ വളർത്തുന്നവർ എന്ന അർത്ഥത്തിലും ഈ വാക്യം കാണാവുന്നതാണ് (കടപ്പാട്: ഇടയലേഖനങ്ങൾ റവ. ഡോ. പി. പി. എബ്രഹാം, ക്രൈസ്തവ സാഹിത്യ സമിതി, തിരുവല്ല, പേജ്. 83).

വിശുദ്ധന്മാരുടെ കാൽ കഴുകിയിട്ടുള്ളവർ, ഞെരുക്കമുള്ളവരെ സഹായിക്കുന്നവർ, ഒരാളുടെ കാൽ കഴുകുന്നത് അക്കാലത്ത് അടിമയുടെ ജോലിയാണ്. അതു താണ ജോലിയായിട്ടാണ് പലരും കണ്ടിരുന്നത്. എന്നാൽ കർത്താവിന്റെ ശുശ്രൂഷയിലായിരിക്കുന്നവർ ഏതു ജോലി ചെയ്യുവാനും താല്പര്യമുള്ളവരും ഞെരുക്കമുള്ളവരെ സഹായിക്കുവാനും സന്നദ്ധയുള്ള വിധവമാർ ഉണ്ടായിരുന്നു. കൂടാതെ പീഡനകാലത്ത് വിശ്വാസത്തിനു വേണ്ടി കാരാഗൃഹത്തിൽ അടയ്ക്കപ്പെട്ടവരെ സന്ദർശിക്കുകയും സഹായിക്കുകയും ചെയ്യുന്നവരും ഉണ്ടായിരുന്നു. അങ്ങനെയുള്ളവരെ പ്രോത്സാഹിപ്പിക്കുകയാണ് ഈ വാക്കുകളിലൂടെ ഉദ്ദേശിക്കുന്നത്.

(തുടരും..)

കഥ

# ആശാരി ഉപദേശി



ആഷേർ കെ. മാത്യു

'പ്രസംഗകരെ വിലക്കി'

ആ വാർത്തയായിരുന്നു അവരുടെ ചർച്ചാവിഷയം.

"പ്രസംഗിക്കുന്നതിൽ നിന്നും ആർക്ക് ആരെ വിലക്കാനാണ് അവകാശം?" ജോമോൻ രോഷം കൊള്ളുകയായിരുന്നു.

"കൺവൻഷൻ വേദികളിൽ വിലക്കിയാൽ ഞങ്ങൾ തെരുവുകളിൽ പ്രസംഗിക്കും....അതിന് ആരുടെയും അനുവാദവും സഹായവും ഒന്നും വേണ്ടല്ലോ". ജോമോൻ തുടർന്നുകൊണ്ടേയിരുന്നു. ഇതെല്ലാം കേട്ട് കൊണ്ടിരുന്ന മനു ചെറുചിരിയോടെ പറഞ്ഞു.

ഇതെല്ലാം കേട്ട് കൊണ്ടിരുന്ന മനു ചെറുചിരിയോടെ പറഞ്ഞു.

"ഇങ്ങനെ വികാരാധീനനാകാതെ ജോമോനേ...കാര്യങ്ങളുടെ എല്ലാ വശവും പരിശോധിക്കണം. സുവിശേഷം പ്രസംഗിക്കേണ്ട വേദികളിൽ കുറ്റവും വിമർശനവും മാത്രമായാൽ അതിന് നിയന്ത്രണം ഏർപ്പെടുത്താതിരിക്കുവാൻ പറ്റില്ല".

"കുറ്റവും വിമർശനവും നടത്തിത്തന്നെയാണ് പെന്തെക്കോസ്ത് വളർന്നിട്ടുള്ളത്. അല്ലെന്ന് മനുവിന് പറയാൻ പറ്റുമോ?" ജോമോന്റെ ചോദ്യം.

"അതെങ്ങനെയാണ്?" മനുവിന് മനസ്സിലായില്ല.

"ആശാരി ഉപദേശിയെപ്പറ്റി കേട്ടിട്ടില്ലേ?"

"ഉണ്ട്".

"ചാട്ടുളി പോലെയായിരുന്നു അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ. അദ്ദേഹത്തിന്റെ പ്രസംഗങ്ങൾ ശക്തമായ വിമർശനമായിരുന്നു. അദ്ദേഹം ഒരു ഭയവും കൂടാതെ പ്രസംഗിച്ചു. അതുകൊണ്ടാണ് ആയിരങ്ങൾ ആശാരി ഉപദേശിയുടെ പ്രസംഗം കേൾക്കുവാൻ തടിച്ചുകൂടിയത്". ജോമോന്റെ മുഖത്ത് ആത്മവിശ്വാസവും അഭിമാനവുമൊക്കെ മിന്നിമറയുന്നത് കാണാമായിരുന്നു. ജോമോൻ തുടർന്നു. "ആശാരി ഉപദേശിയുടെ അതേ ശുശ്രൂഷയാണ് ഇപ്പോൾ ഈ വിലക്കപ്പെട്ടവരും ചെയ്യുന്നത്. അറിയുമോ? ഇപ്പോഴത്തെ നേതാക്കന്മാർ ഉണ്ടായിരുന്നെങ്കിൽ അവർ ആശാരി ഉപദേശിയേയും വിലക്കിയേക്കാം"

ഇതൊക്കെ കേട്ടുകൊണ്ടിരുന്ന മനു ആകെ ആശയക്കുഴപ്പത്തിലായിരുന്നു.

ശരിയാണ്. കേരളത്തിൽ ആകമാനം ഒരു ഉണർവ്വിന് കാരണമായ ദൈവദാസനായിരുന്നു ആശാരി ഉപദേശി. അദ്ദേഹത്തിന്റെ അതേ ശുശ്രൂഷ ചെയ്യുന്നവരെ വേദികളിൽ നിന്ന് വിലക്കാൻ പാടുണ്ടോ?

"ഒരു കാര്യം ചെയ്യാം. ഞാൻ ഈ ആശാരി ഉപദേശിയുടെ പ്രസംഗം ഒന്നും കേട്ടിട്ടില്ല. ഇതൊക്കെ നന്നായി അറിയുന്ന ആൾ നമ്മുടെ സഭയിലെ ശമുവേലപ്പച്ചനാണ്. നമുക്ക് അപ്പച്ചനോട് ചോദിച്ച് നോക്കാം". മനു അഭിപ്രായപ്പെട്ടു. "ശരി, എന്നാൽപ്പിന്നെ അപ്പച്ചനോട് ചോദിക്കാം". ജോമോനും സമ്മതം.

*

മനുവും ജോമോനും പറഞ്ഞതെല്ലാം ശമുവേലപ്പച്ചൻ ശ്രദ്ധയോടെ കേട്ടിരുന്നു. പ്രായത്തിന്റേതായ ക്ഷീണം അപ്പച്ചനുണ്ട്. കുറച്ച് നേരം കണ്ണടച്ച് ശാന്തമായി അപ്പച്ചൻ ആ ചാരുകസേരയിൽ ചാഞ്ഞിരുന്നു. അല്പം. കഴിഞ്ഞ് സംസാരിച്ചു തുടങ്ങുമ്പോൾ ആ കണ്ണുകളിൽ ചെറിയ നനവ് പടർന്നിരുന്നു. അപ്പച്ചൻ സംസാരിച്ച് തുടങ്ങി.

"മക്കളെ, ഞാൻ ആ കാലത്തേക്ക് ഒരിക്കൽ കൂടെ പോകുകയായിരുന്നു. അതൊന്നും മറക്കുവാൻ കഴിയുന്നതല്ല. ഞാൻ ഇന്നും ഓർക്കുന്നുണ്ട്. ഞങ്ങൾ എല്ലാവരും കൂടെ നടന്ന് ആശാരി ഉപദേശിയുടെ യോഗത്തിന് പോകുന്നത്. എന്തൊരു ആവേശമായിരുന്നു ആ കാലത്ത്!

ആശാരി ഉപദേശിയുടെ പ്രസംഗമോ?! എന്തൊരു ധീരനായിരുന്നു അദ്ദേഹം...പരിശുദ്ധാത്മാവ് കരങ്ങളിൽ എടുത്ത് ഉപയോഗിക്കുകയല്ലായിരുന്നോ....."

ഇതൊക്കെ കേട്ടുകൊണ്ടിരുന്ന ജോമോന്റെ മുഖത്ത് ഒരു വിജയഭാവവും, മനുവിന്റെ മുഖത്ത് മ്ലാനതയും നിഴലിച്ചിരുന്നു.

അപ്പച്ചൻ സംസാരം തുടർന്നു.

"ഇപ്പോൾ നടക്കുന്ന സംഭവവികാസങ്ങൾ ഒക്കെ ഞാനും അറിയുന്നുണ്ട്. എന്റെ മകൻ മോനച്ചൻ..അവൻ ഇരുപത്തിനാലു മണിക്കൂറും ഈ ഫോണും പിടിച്ച് നടപ്പാ...ഇടക്കൊക്കെ ഓരോ പ്രസംഗങ്ങൾ എന്നെയും കേൾപ്പിക്കും.. ..കുറെപ്പേരെ വിലക്കിയെന്നോ, ഇല്ലെന്നോ...ഒക്കെ പറഞ്ഞ് കേൾക്കുന്നുണ്ട്..."

അതുകൊണ്ട് തന്നെയാ അപ്പച്ചാ ഞങ്ങളും ഇപ്പോൾ ഈ വിഷയം സംസാരിക്കുവാൻ വന്നത്. കുറ്റം പറയുന്നു, വിമർശിക്കുന്നു എന്നൊക്കെ പറഞ്ഞ് പ്രസംഗകരെ വിലക്കുവാൻ തുടങ്ങിയാൽ എന്ത് ചെയ്യും? ജോമോൻ പറഞ്ഞു.

"മക്കളേ....നിങ്ങൾക്ക് തെറ്റി" അപ്പച്ചൻ ഇടപെട്ടു.

"എന്താ അപ്പച്ചാ?" ജോമോന്റെ മുഖത്ത് ഒരു അമ്പരപ്പ്.

"ഈ വിലക്കപ്പെട്ടു എന്ന് പറയുന്നവർ ചെയ്യുന്നത് ആശാരി ഉപദേശിയുടെ ശുശ്രൂഷയാണെന്ന് നിങ്ങളോടാരാണ് പറഞ്ഞത്?" അപ്പച്ചൻ ഒന്ന് നിർത്തി.

"സ്വന്തം സഭയെയും, വിശ്വാസികളെയും, സഹപ്രവർത്തകരെയും ഒരിക്കലും ആശാരി ഉപദേശി വിമർശിച്ചിട്ടില്ല, പ്രത്യേകിച്ച് പരസ്യവേദികളിൽ: ആശാരി ഉപദേശി പ്രസംഗിച്ചത് സുവിശേഷമാണ്. സത്യസുവിശേഷം".

"അപ്പോൾ ആശാരി ഉപദേശി വിമർശിക്കുമായിരുന്നു എന്നാണല്ലോ കേട്ടിട്ടുള്ളത്". മനുവിന്റെ ചോദ്യം.

"അതെ, വിമർശിക്കുമായിരുന്നു. അത് ദുരുപദേശങ്ങളെയും അന്യ സമുദായങ്ങളെയുമായിരുന്നു, അനാചാരങ്ങൾക്കെതിരെ ആയിരുന്നു. ഉപദേശവിഷയത്തിലായിരുന്നു. വെല്ലുവിളിച്ച് നെഞ്ചും വിരിച്ച് നിന്നത് അന്യ മതസ്ഥർക്കിടയിലായിരുന്നു. അല്ലാതെ പെന്തെക്കോസ്തുകാരെ കരിവാരിത്തേക്കുകയല്ലായിരുന്നു".

ഇത് കേട്ടപ്പോൾ മുഖം മ്ലാനമായത് ജോമോന്റേതായിരുന്നു.

"അപ്പോൾ ഈ വിലക്കേർപ്പെടുത്തിയതിനെപ്പറ്റി അപ്പച്ചന്റെ അഭിപ്രായമെന്താണ്?" മനു ചോദിച്ചു.

"ആശാരി ഉപദേശിയെപ്പോലുള്ളവർ നേരോടെ നിന്ന് വളർത്തിയെടുത്ത ഈ പ്രസ്ഥാനത്തെ ഇങ്ങനെയുള്ളവർ പരസ്യമായി അവഹേളിക്കുന്നത് ശരിയല്ലല്ലോ. പണ്ടൊക്കെ നമ്മെ പരിഹസിക്കുന്നത് മറ്റുള്ളവരായിരുന്നു. ഇപ്പോൾ നമ്മുടെ വേദികളിൽ, നമ്മുടെ ആൾക്കാർ തന്നെ നമ്മെ നിന്ദിക്കുന്നു". അപ്പച്ചന്റെ വാക്കുകളിൽ വേദന കലർന്നിരുന്നു.

അവിടെ നിന്നിറങ്ങുമ്പോൾ ജോമോന്റെ മനസ്സ് ആകെ ആശയക്കുഴപ്പത്തിലായിരുന്നു. തിരികെ വീട്ടിലെത്തി ഫോൺ ചെയ്തപ്പോൾ ഫേസ്ബുക്കിൽ നോട്ടിഫിക്കേഷൻ വന്നു.

'വിലക്കപ്പെട്ടവൻ ഓൺ ലൈവ്'.

പ്രതികാരബുദ്ധിയോടെയും, വെല്ലുവിളിച്ചുമുള്ള ആ വാക്കുകൾ കേട്ട് തുടങ്ങിയപ്പോൾ തന്നെ ജോമോന് ആകെ ഒരു വല്ലായ്മ തോന്നി.

ജോമോന്റെ മനസ്സിൽ അപ്പോഴും മങ്ങാതെ നിന്നത് ആശാരി ഉപദേശി എന്ന യഥാർത്ഥ ധീരപോരാളിയുടെ മുഖമായിരുന്നു.

# ഡോക്ടറേറ്റ് ലഭിച്ചു



## ഗ്ലാഡീസ് മാത്യൂസ്

**ബെംഗളൂരു:** കർണ്ണാടത ഐപിസി സീനിയർ ജനറൽ മിനിസ്റ്റർ പാസ്റ്റർ പോൾ വർക്കിയുടെ മരുമകളും ഹൊറാമാവ് ഇമ്മാനുവേൽസിൽ പി. വി. മാത്യൂസിന്റെ ഭാര്യയുമായ ഗ്ലാഡീസ് മാത്യൂസിന് ബാംഗ്ലൂർ സർവ്വകലാശാലയിൽ നിന്നും ഫിസിക്സിൽ ഡോക്ടറേറ്റ് ലഭിച്ചു. നോർത്ത് കളമശ്ശേരി ന്യൂ ഇന്ത്യാ ചർച്ച് ഓഫ് ഗോഡ് മുൻ ഡിസ്ട്രിക്ട് പാസ്റ്റർ പരേതനായ പാസ്റ്റർ കെ. ജെ. മാത്യു -മേരി മാത്യു ദമ്പതികളുടെ മകളായ ഗ്ലാഡീസ്, കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ നിന്ന് എം. എസ്.സി.-എം.ഫിൽ കരസ്ഥമാക്കി. ബാംഗ്ലൂർ ഗവൺമെന്റ് സയൻസ് കോളജ് മേധാവിയായി പ്രവർത്തിക്കുന്നു. കമനഹള്ളി ശാലേം ഐപിസി സഭാംഗമാണ്. മക്കൾ: ആശിഷ് മാത്യു (നെതർലാൻഡ്), അലൻ മാത്യൂസ്.



## പാസ്റ്റർ കെ. വി. ജോൺസൺ

**ബംഗളൂരു:** ബാനസവാടി ശീലോഹാം മിനിസ്ട്രീസ് സ്ഥാപക പ്രസിഡന്റും കർണ്ണാടക യുണൈറ്റഡ് പെന്തെക്കോസ്ത് ഫെലോഷിപ്പ് (കെ.യു. പി. എഫ്) ജനറൽ സെക്രട്ടറിയുമായ പാസ്റ്റർ കെ. വി. ജോൺസന് സെറാംപൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് മാരിറ്റൽ കൗൺസലിംഗിൽ പി.എച്ച്.ഡി. (ഡോക്ടറേറ്റ്) നേടി. കൊല്ലം കുന്നത്തൂർ കാഞ്ചിയിൽ ഗ്രേസ് കോട്ടേജ് കെ. കെ. വർഗീസ്-ചിന്നമ്മ ദമ്പതികളുടെ മകനാണ്. ഭാര്യ: ജ്യോതി ജോൺസൺ യു. പി. എൽ. പി. എഫ്. സെക്രട്ടറി. മക്കൾ: ജെമി, ജോനാഥാൻ



## സജിത ഐപ്പ്

**മണക്കാല:** ഫെയ്ത്ത് തിയോളജിക്കൽ സെമിനാരി അദ്ധ്യാപിക സജിതാ ഐപ്പിന് പി. എച്ച്. ഡി. ലഭിച്ചു. പുതിയ നിയമത്തിലാണ് സെറാമ്പൂർ യൂണിവേഴ്സിറ്റിയിൽ നിന്ന് ഡോക്ടറേറ്റ് ലഭിച്ചത്. 'ലൂക്കോസിന്റെ സുവിശേഷത്തിലെ സ്ത്രീകളുടെ സാമ്പത്തികസ്ഥിതി ഒരു കുടുംബവീക്ഷണം' എന്നതായിരുന്നു ഗവേഷണവിഷയം. മണർകാട് ചർച്ച് ഓഫ് ഗോഡ് സഭാ ശുശ്രൂഷകൻ റവ. ഐപ്പ് ഐ.എ. യുടെ ഭാര്യയുടെ തൃശൂർ മണവാളൻ കുടുംബത്തിൽ വർഗീസ്-കുഞ്ഞമ്മ ദമ്പതികളുടെ മകളുമാണ് ഡോ. സജിത. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ നിന്ന് ഇംഗ്ലീഷ് ലിറ്ററേച്ചറിൽ ബിരുദാനന്തരബിരുദവും ദൈവശാസ്ത്രത്തിൽ എം. ടി. എച്ചും നേടിയിട്ടുണ്ട്.

ട്രാൻസ്ഫോമേഴ്സ്
3ഡേ വിബിഎസ് തരംഗമാകുന്നു.
വെക്കേഷൻ സിലബസുകളുടെ ചരിത്രത്തിലാദ്യമായി
ട്രാൻസ്ഫോമേഴ്സ് 3ഡേ വിബിഎസ്. വിഷൻ ബിൽഡിംഗ് സ്കൂൾ
മിഷനറി ചരിത്രം മൂവി സെഷനുകളായി
വി.ബി.എസ് കിറ്റിൽ മാജിക് ഐറ്റംസ്
ഒരു അദ്ധ്യാപകന് പോലും നടത്താവുന്നത്
ഒരു കിറ്റുപയോഗിച്ച് ഒന്നിലധികം വി.ബി.എസ്സുകൾ

ട്രെയിനിംഗുകൾക്കും, വി.ബി.എസ് ബുക്കിംഗിനും വിളിക്കുക: +91 9072222115, 9846797909, 9447454617
Em@il: info@transformers.world. Visit us: www.transformers.world

# കരുതുന്ന ദൈവത്തിന്റെ കരങ്ങൾ
## പാസ്റ്റർ വിജു ഡാനിയേലിന്റെ അനുഭവ സാക്ഷ്യം

കൊട്ടാരക്കരക്കു സമീപം ഇഞ്ചക്കാട് എന്ന കൊച്ചുഗ്രാമത്തിലെ ഒരു മർത്തോമ്മാ കുടുംബത്തിൽ ജനിച്ചു. കോരുത് ഡാനിയേൽ – ശോശാമ്മ ദമ്പതികളുടെ മക്കളിൽ ഇളയവൻ. താമരക്കുടി സ്കൂളിൽ പഠനം പൂർത്തീകരിച്ച് പ്രീഡിഗ്രിക്ക് പ്രൈവറ്റായി പഠിക്കുവാൻ ചേർന്നു. പഠനം പൂർത്തീയാകും മുമ്പ് ജ്യേഷ്ഠ സഹോദരൻ മുംബൈയിലേക്ക് കൊണ്ടുപോയി. 17-ാം വയസ്സിൽ 1990-ൽ സ്റ്റെയിൻലസ് സ്റ്റീൽ വ്യാപാരിയായി ആയി ജോലിയിൽ കയറി. പിന്നീട് സെയിൽസ് വിഭാഗത്തിലേക്ക് മാറി. സ്റ്റെയിൻലസ് സ്റ്റീൽ വ്യാപാരത്തെക്കുറിച്ച് നന്നായി മനസ്സിലാക്കുവാനും പഠിക്കുവാനും ഈ ജോലി സഹായകമായി. തുടർന്ന് കമ്മീഷൻ വ്യവസ്ഥയിൽ വ്യാപാരം ആരംഭിച്ചു. നിയന്ത്രിക്കുവാൻ ആളില്ലാത്ത സാഹചര്യത്തിൽ നിർലോഭം പണം എത്തിചേരുക കൂടി ചെയ്താൽ ഉണ്ടാകുന്ന ഭവിഷ്യത്തുകൾ തന്നെയും പിടികൂടി. മദ്യപാനത്തിനടിമയായി ലോകമനുഷ്യനായി ജീവിതം നയിച്ചു. മോശം കൂട്ടുകെട്ടുകൾ നാശത്തിലേക്കു നയിച്ചു. ഇതിനിടെ ജ്യേഷ്ഠ സഹോദരനോടൊപ്പം ആരംഭിച്ച ബിസിനസും മദ്യപാനവും മോശം കൂട്ടുകെട്ടും മൂലം നഷ്ടപ്പെട്ടു. ഒരു ധൂർത്തപുത്രന്റെ ജീവിതം നയിച്ചുവരവെ ഒരു മറാഠി പെൺകുട്ടിയെ വിവാഹം ചെയ്തു. 2004-ൽ മകൻ ജനിച്ചു. ഈ കാലമായപ്പോഴേക്കും എല്ലാം നഷ്ടമായിരുന്നു. ജീവിത സന്ധാരണത്തിനായി മാർഗ്ഗമില്ലാതെ അലഞ്ഞ കാലം. ഉപജീവനത്തിനായി ചില ജോലികൾ ചെയ്തു. എന്നാൽ ഭാവി ജീവിതം വലിയ ചോദ്യചിഹ്നമായി മുമ്പിൽ നിൽക്കുന്നു.

ഇക്കാലത്താണ് (2004 അവസാനം) ഇവരുടെ താമസസ്ഥലത്ത് തൊട്ടടുത്ത ഫ്ളാറ്റിൽ താമസിക്കുന്ന പെന്തെക്കോസ്തു വിശ്വാസിയായ ഒരു സഹോദരി ഇവരെ പ്രാർത്ഥനയ്ക്കായി ക്ഷണിക്കുന്നത്. ഈ പ്രാർത്ഥന തന്റെ സഹധർമ്മിണി രാജശ്രീക്ക് വിശ്വാസമായി. തുടർന്ന് കൂട്ടായ്മകളിൽ പങ്കെടുക്കുകയും ആരാധനക്കായി പോവുകയും ചെയ്തു. 2005 ജനുവരിയിൽ രക്ഷിക്കപ്പെട്ടു. ഏപ്രിൽ മാസത്തിൽ പാസ്റ്റർ എം. എ. ജോണിന്റെ കൈക്കീഴിൽ സ്നാനം ഏൽക്കുകയും പാസ്റ്റർ ജയിംസ് മാത്യു ശുശ്രൂഷകനായിരുന്ന പി.എം.ജി. സഭയിൽ കൂട്ടായ്മ ആചരിക്കുകയും ചെയ്തു. ഈ ഘട്ടത്തിൽ കടഭാരവും ബാധ്യതയും വർദ്ധിച്ചു. ജീവിതം വഴിമുട്ടിയതുപോലെയുള്ള അവസ്ഥ. 2007-ൽ ഠാക്കുർളിയിലുള്ള ചർച്ച് ഓഫ് ഗോഡ് സഭയിൽ ആരാധനക്കായി എന്റെ ഒരു സ്നേഹിതൻ ജോസ് മുഖാന്തിരം പോയി. എന്നാൽ പിടിച്ചു നിൽക്കുവാൻ കഴിയാത്ത നിലയിൽ പ്രതിസന്ധി രൂക്ഷമായി. ജീവിതം അവസാനിപ്പിക്കുവാൻ പലവട്ടം ശ്രമിച്ചു. എല്ലാവരും കൈവിട്ടു. പിന്മാറ്റ അനുഭവത്തിലേക്ക് ഇദ്ദേഹം പോയി. എന്നാൽ ഭാര്യ രാജശ്രീ വിശ്വാസത്തിൽ മുന്നേറി. ആർഭാഢ ജീവിതത്തിൽ നിന്ന് ദാരിദ്ര്യത്തിന്റെ പടുകുഴിയിൽ രക്ഷപെടുവാൻ വഴികാണാതിരിക്കുമ്പോൾ ഒരു ചെറുതിരി വെളിച്ചം കുടുംബത്തിൽ പ്രകാശിച്ചു. 2008 പകുതിയോടെ വീണ്ടും കമ്മീഷൻ വ്യവസ്ഥയിൽ ബിസിനസ് ചെയ്യുവാൻ സ്നേഹിതൻ ജോസ് മുഖാന്തിരം ദൈവം വഴിതുറന്നു. 2008-ന്റെ അവസാനത്തിൽ കേരളത്തിൽ അടൂരിന് സമീപം ഏനാത്ത് എന്ന സ്ഥലത്ത് കൃപാ സ്റ്റീൽസ് എന്ന് സ്ഥാപനം ആരംഭിച്ചു. 2009-ൽ മുംബൈയിൽ നിന്നും കേരളത്തിലേക്ക് എത്തി. ചർച്ച് ഓഫ് ഗോഡ് കൂട്ടായ്മയിൽ ആരാധനയ്ക്കായി കടന്നുപോയി. പ്രാർത്ഥനയും ഉപവാസവും ജീവിതത്തിന്റെ ഭാഗമായി മാറിയപ്പോൾ ദൈവീക അനുഗ്രഹങ്ങൾ ജീവിതത്തിൽ ഒന്നൊന്നായി ലഭിച്ചു. ഒപ്പം സുവിശേഷ പ്രവർത്തനത്തിനും പങ്കാളിത്വം വഹിക്കുവാനും ദൈവം അവസരം ഒരുക്കി. കൃപാ സ്റ്റീലിന്റെ ബ്രാഞ്ചുകൾ കരവാളൂരിലും ചെങ്കുളത്തും ആരംഭിക്കുവാൻ ദൈവം അവസരം ഒരുക്കി. ഒപ്പം ഇമ്മാനുവേൽ സ്റ്റീൽസ് എന്ന മറ്റൊരു സ്ഥാപനവും ആരംഭിച്ചു. ഏനാത്ത്, പുത്തൂർ, പന്തളം എന്നിവിടങ്ങളിൽ ഇതിന്റെ ബ്രാഞ്ചുകൾ പ്രവർത്തിക്കുന്നു. കർത്താവിന്റെ വേലയ്ക്കുള്ള വിളി ലഭിച്ച പാസ്റ്റർ വിജു ഡാനിയേൽ ജോലിയോടൊപ്പം തന്റെ സുവിശേഷദൗത്യവും നിറപടിയായി നിർവ്വഹിക്കുന്നു.



തനിക്ക് ലഭിക്കുന്ന നന്മകൾ സുവിശേഷവേലയ്ക്കും ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുമായി ചിലവഴിക്കുന്നു. 2014-ൽ ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റിന് ആരംഭം കുറിച്ച പാസ്റ്റർ വിജു ഡാനിയേൽ ഇഞ്ചക്കാട് ടൗൺ സഭയുടെ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു. ഈ സഭയുടെ പ്രവർത്തനഫലമായി ചെങ്ങമനാട്ടും പ്ലാപ്പള്ളി ചാങ്ങമുക്കിലും മൈലത്തും പുതിയ കൂടി വരവുകൾ ആരംഭിച്ചു.

ഇത്രത്തോളം സഹായിച്ച ദൈവത്തിന് മഹത്വം അർപ്പിച്ച് തനിക്ക് ലഭിക്കുന്ന അവസരങ്ങൾ അശരണരുടെയും ആവശ്യത്തിലിരിക്കുന്നവരുടെയും കണ്ണീരൊപ്പുവാനും അവർക്കായി സഹായത്തിന്റെ കരങ്ങൾ നീട്ടുവാനും ഒപ്പം എന്നെ സഹായിച്ച ക്രിസ്തുവിന്റെ സ്നേഹത്തെക്കുറിച്ച് പറയുവാനും പാസ്റ്റർ വിജു ഡാനിയേൽ വിശ്രമമില്ലാതെ ഓടുകയാണ്. ചർച്ച് ഓഫ് ഗോഡ് കേരളാ സ്റ്റേറ്റ് കൗൺസിൽ ഡിപ്പാർട്ട്മെന്റിന്റെ ട്രഷറാർ എന്ന നിലയിലും പാസ്റ്റർ വിജു ഡാനിയേൽ പ്രവർത്തിക്കുന്നു. ഭാര്യ: രാജശ്രീ വിജു. മകൻ: ജസ്റ്റിൻ.


Mathews Pilgrimage Tours

# Pilgrimage Tours Welcome! 2017



Jordan, Israel & Egypt-12 Days.
Bible Study Tour
"Footsteps of Jesus Christ."
$2450.00, 20+1 free(Call for your special price)
All inclusive, 4* hotel.

Greece & Turkey -
From New York/Chicago/Houston -11 days.
"Footsteps of Apostle Paul"
April/May/Sep/Oct.2017, 20+1 free (Call for special price)

Special Promotional price to Jerusalem

Branch office in Bethlehem
Calvary Tours & Travels
Virgin Mary Street
Beit Jala, Bethlehem/ Holy Land
info@bethlehemtours.com
www.Bethlehempilgrimagetours.com

20 years of tourism experience/ Israel Ministry of Tourism Award Winner & 500+ groups.

Mathews Pilgrimage Tours Inc.
Mr. Mathews Abraham-CEO/ IATA/Official Cruise Agent/Tour Operator
Tel: 847-759-0899, Fax: 847-813-6549
Email: info@mathewstour.com, www.mathewstour.com



ചർച്ച് ഓഫ് ഗോഡ് റൈറ്റേഴ്സ് ഫെലോഷിപ്പ്

# ഏകദിന സെമിനാർ

സ്ഥലം : ചർച്ച് ഓഫ് ഗോഡ് കേരളാ റീജിയൻ സ്റ്റേഡിയം ചർച്ച് പ്രത്യാശ നഗർ, നാട്ടകം
തീയതി : 2017 ഏപ്രിൽ 1 ശനി സമയം: 9 am – 1 pm

വിഷയം
ന്യൂ ജനറേഷൻ പ്രവണതകളും വേദപുസ്തക ഉപദേശവും

പ്രബന്ധാവതരണം
പാസ്റ്റർ കെ. ജെ. മാത്യു, പുനലൂർ

ഉദ്ഘാടനം: പാസ്റ്റർ പി. ജി. മാത്യൂസ്



ഏവർക്കും സ്വാഗതം


പാസ്റ്റർ സി. സി. തോമസ്


പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി


പാസ്റ്റർ എം. കുഞ്ഞപ്പി


പാസ്റ്റർ പി. ജി. മാത്യൂസ്

NB: ഈ സമ്മേളനത്തിൽ പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഓവർസിയർമാരായ പാസ്റ്റർ സി. സി. തോമസ്, പാസ്റ്റർ കെ. സി. സണ്ണിക്കുട്ടി, പാസ്റ്റർ എം. കുഞ്ഞപ്പി എന്നിവരെയും, റൈറ്റേഴ്സ് ഫെലോഷിപ്പ് പ്രസിഡന്റ് പാസ്റ്റർ പി. ജി. മാത്യൂസിനെയും ആദരിക്കും.

കൂടുതൽ വിവരങ്ങൾക്ക്: പാസ്റ്റർ സാംകുട്ടി മാത്യു, ജനറൽ സെക്രട്ടറി
ഫോൺ: 9447368795

# പാസ്റ്റർ കരുണാപുരം അവറാച്ചൻ നിര്യാതനായി



**കരുണാപുരം:** ഹൈറേഞ്ചിലെ ആദ്യകാല പെന്തക്കോസ്ത് സഭാ പ്രവർത്തകനും ഇന്ത്യാ പെന്തെക്കോസ് ദൈവസഭ കരുണാപുരം ഏരിയാ മുൻ പ്രസിഡന്റുമായ ചക്കാലയ്ക്കൽ പാസ്റ്റർ സി.പി. ഏബ്രഹാം (കരുണാപുരം അവറാച്ചൻ - 89) നിര്യാതനായി. സംസ്കാരം നാളെ (തിങ്കൾ) 11 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം കരുണാപരം ഐ.പി.സി എബനേസർ ചർച്ച് സെമിത്തേരിയിൽ. ഭൗതിക ശരീരം ഇന്ന് (ഞായർ) വൈകിട്ട് 4 മണിക്ക് കട്ടപ്പന മിഷൻ ആശുപത്രിയിൽ പൊതുദർശനത്തിന് വച്ചശേഷം കരുണാപരത്തെ വസതിയിലേക്ക് കൊണ്ടുപോകും. പരേതൻ കോട്ടയം പുതുപ്പള്ളിയിൽനിന്നും ഐ.പി.സി യുടെ ഹൈറേഞ്ചിലെ മിഷനറിയായി 56 വർഷം മുമ്പ് കരുണാപുരത്തെത്തി. നിരവധി സഭകൾ സ്ഥാപിക്കുവാൻ ഇടയായി.

ഭാര്യ: തലപ്പാടി തെക്കേക്കുറ്റ് പരേതയായ രൂത്ത്. മക്കൾ: മറിയാമ്മ ജോർജ്ജ്, ലീലാമ്മ ഏബ്രഹാം (യു.എസ്.എ), മേഴ്സി ആൻഡ്രൂസ്, പാസ്റ്റർ ഫിലിപ്പോസ് ഏബ്രഹാം (ഐ.പി.സി രാജകുമാരി), സാലി മോനായി (ഉത്തമസ്ത്രീ മാസിക, ചീഫ്എഡിറ്റർ). മരുമക്കൾ: അടൂർ കാരിക്കോട്ട് പാസ്റ്റർ പി.ജെ. ജോർജ് (ഐ.പി.സി രാജാക്കണ്ടം), കൊച്ചറ നെല്ലിക്കാക്കുഴി ഏബ്രഹാം തോമസ് (യു.എസ്.എ), നരിയംപാറ കുന്നേൽ പാസ്റ്റർ കെ.എസ്. ആൻഡ്രൂസ് (ഐ.പി.സി കട്ടാക്കാനം), വെള്ളത്തൂവൽ പാണക്കുഴിമലയിൽ ഗ്രേസി, തിരുവല്ല മുത്തൂർ ചിറയിൽ പാസ്റ്റർ സി.പി. മോനായി (ചീഫ്എഡിറ്റർ, സുഭാഷിതം).

# ബിനു വടശ്ശേരിക്കരയുടെ ഭാര്യാ മാതാവ് നിത്യതയിൽ



**പത്തനംതിട്ട:** എക്സൽ മിനിസ്ട്രീസ് ഡയറക്ടർ പാസ്റ്റർ ബിനു വടശ്ശേരിക്കരയുടെ ഭാര്യാമാതാവ് റോസമ്മ പി. പി. (58) നിത്യതയിൽ പ്രവേശിച്ചു. ദീർഘനാളുകളായി ക്യാൻസർ രോഗത്തിന്റെ ചികിത്സയിലായിരുന്നു. നേരിട്ട പ്രതിസന്ധിയിലും ഉറച്ച വിശ്വാസത്തോടും പ്രത്യാശയോടും കൂടെയായിരുന്നു ചിലവഴിച്ചത്.

ചില ദിവസങ്ങളായി ശാരീരികമായി വളരെ ക്ഷീണിതയായിരുന്നു. തിങ്കളാഴ്ച രാത്രി 10 മണിയോടെ താൻ പ്രിയം വെച്ച കർത്താവിന്റെ സന്നിധിയിൽ ചേർക്കപ്പെട്ടു. സംസ്കാരം 9 വ്യാഴാഴ്ച മൈലപ്ര ചർച്ച് ഓഫ് ഗോഡ് സഭാ സെമിത്തേരിയിൽ നടന്നു. പാസ്റ്റർ വി. റ്റി. ഏബ്രഹാം, പാസ്റ്റർ ജോൺ ഫിലിപ്പ് ഏഴംകുളം, അനിൽ ഇലന്തൂർ എന്നിവർ ശുശ്രൂഷക്ക് നേതൃത്വം നൽകി. റവ. പി. ജി. മാത്യൂസ്, പാസ്റ്റർ പി. സി. ചെറിയാൻ, പാസ്റ്റർ സാംകുട്ടി മാത്യു (ബിലീവേഴ്സ് ജേണൽ), റോയി വാഴമുട്ടം, പി. ജി. ഏബ്രഹാം, സാം പി. ജോസഫ്, എം. ജി. മാത്യു (കുവൈറ്റ്) തുടങ്ങിയവർ അനുശോചനം അറിയിച്ചു.

മകൾ: പ്രീതി ബിനു. മരുമകൻ: ബിനു ജോസഫ്. കൊച്ചുമക്കൾ: ആശേർ, ക്രിസ്റ്റ, ഹഡ്സൻ

## കവിത



ബേസിൽ വർഗീസ്

# വചനം

"ഉരുവാകു"കെന്നുര ചെയ്യുന്ന മാത്രയിൽ
ഉരുവായിടും സർവ്വം ദൈവനിനവുപോൽ
ഉരുവാക്കുവാനുമുയിരേകുവാനുമെൻ-
ദൈവത്തിൻ വചനങ്ങൾക്കാകുമെന്നും...

ഇരുൾ മൂടിടുന്നതാം വീചികൾ തന്നിലും
ദീപമായ് മാറിടും ദൈവീക വാക്കുകൾ
വഴിയേതെന്നറിയാതലഞ്ഞിടുന്നേരത്തു-
നന്മയിൻ വഴിയായ് മാറുമീ വചനങ്ങൾ....

ശക്തമാം കാറ്റും കടലിൻ തിരകളും
പടകിന്നെതിരായുയർന്നു വന്നീടിലും
"ശാന്തമാകെ"ന്നുള്ള നാഥന്റെ വാക്കുകൾ
കേട്ടിടും ശത്രുവിൻ ശക്തികൾ പോലുമേ...

നാറ്റം വമിക്കുന്ന കല്ലറക്കുള്ളിലും
ക്രിസ്തുവിൻ വാക്കുകൾ ജീവനായ് മാറിടും
രോഗവും ഭൂതവും ബന്ധനഹേതുവും
മാറിടും വചനത്തിൻ ശക്തിയാൽ, നിശ്ചയം!!

"വരികയെന്നരികിലെ"ന്നരുളുന്ന വചനത്തെ-
ക്കേട്ടു നിന്ന് കാലടി കടലിലും വയ്ക്കുകിൽ
മുങ്ങുമെന്നുള്ളിൽ നിനച്ചിടുന്നേരം തൻ-
കരങ്ങളാൽ കാത്തിടും തിരകളിൽ താഴാതെ

സത്യവചനത്തെത്തെറ്റായ് ഭാഷ്യത്തെ-
നല്കുന്ന പണ്ഡിതശ്രേഷ്ഠരോന്നോർക്കണം
ഇരുതല വാളിനു തുല്യമാണീ സത്യവചന-
മെന്നുള്ളതാം പൗലോസിന് വാക്കുകൾ...

സത്യവചനത്തിന് ശക്തിയറിയുവാൻ
സത്യദൈവത്തിൻ വഴിയേ ചലിക്കണം
മർത്യനു നിത്യമാം ജീവനെ നൽകുവാൻ
തുല്യമായില്ലൊന്നുമീ സത്യവചനം പോൽ

# 01 ശാരോൻ സൺഡേസ്കൂൾ....

സ് കെ.ഇ. ജോർജുകുട്ടി, കോശി മാത്യു, പി.എസ്. മത്തായി, എം. കുഞ്ഞച്ചൻ (ഫൈനാൻസ്), പാസ്റ്റർമാരായ ബ്ലസൻ ജോർജ്, റെജി പി. ശമുവേൽ (പബ്ലിസിറ്റി), ജോസ് ജോർജ് (അക്കോമഡേഷൻ), ജോയി സി. കൊച്ചാക്കൽ, ഷാജി.സി (കിഡ്സ്), പി. മത്തായി, സ്റ്റാൻലി സെബാസ്റ്റ്യൻ, ബ്രദർ മാത്യൂസ് വർഗീസ് (ഫുഡ്), സുവി. എബി ജോൺ (രജിസ്ട്രേഷൻ) എന്നിവർ കൺവീനർമാരായും ജോയിന്റ് കൺവീനർമാരായും വിവിധ കമ്മറ്റികൾ പ്രവർത്തിച്ചുവരുന്നു.

# ആലയ സമർപ്പണം



**റാന്നി:** ന്യൂ ഇൻഡ്യാ ബൈബിൾ ചർച്ചിനുവേണ്ടി റാന്നി കണ്ണംപള്ളിയിൽ പുതുക്കിപ്പണിത ആലയത്തിന്റെ സമർപ്പണ ശുശ്രൂഷ 2017 ഫെബ്രുവരി 25 ശനിയാഴ്ച രാവിലെ 10 മണിക്ക് സഭാപ്രസിഡന്റ് റവ. തോമസ് ഫിലിപ്പ് നിർവ്വഹിച്ചു. പ്രസ്തുത മീറ്റിംഗിൽ റവ. സി.ഡി. ഷാജി, പാസ്റ്റർ തോമസുകുട്ടി പുന്നൂസ്, റവ. വി.സി. യോഹന്നാൻ, സഹോദരിമാരായ സൂസൻ റെജി, സൂസൻ ബി. ജോൺ തുടങ്ങിയവർ പ്രസംഗിച്ചു. പാസ്റ്റർ റെജി കെ. ഏബ്രഹാം സഭ ശുശ്രൂഷകനായി പ്രവർത്തിക്കുന്നു.

# 01 ബ്യൂട്ടി ആന്റ് ബീസ്റ്റ്...

നെതിരെ ശേഖരിച്ചു കഴിഞ്ഞു. വൺ മില്ല്യൻ മോംസ് എന്ന ഗ്രൂപ്പും സിനിമയ്ക്കെതിരെ 63,000 ഒപ്പുകൾ ശേഖരിച്ചു.

സഭകൾ സിനിമയ്ക്കെതിരെ തിരിഞ്ഞത് ഇതിന്റെ സംവിധായകനെ ചൊടിപ്പിച്ചു. അടുത്തയിടെ നടന്ന ഒരു പത്രസമ്മേളനത്തിൽ ബിൽ കോൺടോൺ ഇങ്ങനെ പറഞ്ഞു. "ബൈബിൾ പേജുകൾ ഹോട്ടൽ മുറികളിൽ കീറികളയാൻ ഞാൻ ആഗ്രഹിക്കുന്നു. എന്നാൽ ഇപ്പോൾ ഹോട്ടൽ മുറികളിൽ സാധാരണയായി ബൈബിൾ കാണാറില്ല".

ബൈബിൾ കീറികളയുക, തുപ്പുക, ചവിട്ടുക എന്നിങ്ങനെയുള്ള പ്രവർത്തികൾ സാത്താൻ സഭക്കാരാണ് ചെയ്യുന്നത്. ബ്യൂട്ടി ആന്റ് ബീസ്റ്റ് സംവിധായകൻ ഈ പ്രവർത്തികൾ ചെയ്യാൻ ആഗ്രഹിക്കുന്നു എങ്കിൽ ഇയാളുടെ തത്വശാസ്ത്രവും സാത്താന്യമാണ്.

# തെരഞ്ഞെടുത്തു



പാസ്റ്റർ ലാസർ മുട്ടത്ത്



പാസ്റ്റർ പ്രതീഷ് ജോസഫ്



പി.ആർ. ഡെന്നി

**കുന്നംകുളം:** കുന്നംകുളത്തും പരിസരപ്രദേശത്തുമുള്ള പെന്തക്കോസ്ത് സഭകളുടെ കൂട്ടായ്മ യുണൈറ്റഡ് പെന്തക്കോസ്ത് ഫെല്ലോഷിപ്പ് (UPF) ന്റെ 37-മത് വാർഷിക ജനറൽ ബോഡി യോഗം കുന്നംകുളം ലിവാടവറിൽ നടന്നു. സമ്മേളനത്തിൽ ജനറൽ പ്രസിഡന്റ് പാസ്റ്റർ ലാസർ മുട്ടത്ത് അദ്ധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി പാസ്റ്റർ പ്രതീഷ് ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി കെ. സി. ബാബു, സെക്രട്ടറി പി. രവീന്ദ്രൻ, ട്രഷറർ പി. ആർ ഡെന്നി എന്നിവർ സംസാരിച്ചു. 2017-2018 പ്രവർത്തനവർഷത്തേയ്ക്കുള്ള പുതിയ ഭാരവാഹികളായി പാസ്റ്റർ ലാസർ മുട്ടത്ത് (ജനറൽ പ്രസിഡന്റ്), പാസ്റ്റർ സന്തോഷ് മാത്യു, പാസ്റ്റർ അനീഷ് ഉലഹന്നാൻ(വൈസ് പ്രസിഡന്റ്), പാസ്റ്റർ പ്രതീഷ് ജോസഫ് (ജനറൽ സെക്രട്ടറി), ജോബിഷ് ചൊവ്വല്ലൂർ(അഡ്മിനിസ്ട്രേറ്റീവ് സെക്രട്ടറി), പി. രവീന്ദ്രൻ(സെക്രട്ടറി), പി.ആർ. ഡെന്നി (ട്രഷറർ), കെ.ജി. ജസ്റ്റിൻ(പബ്ലിസിറ്റി കൺവീനർ), രാജു കെ.വി.(മീഡിയ കൺവീനർ) എന്നിവരടങ്ങുന്ന 87 അംഗ കമ്മറ്റിയെ തെരഞ്ഞെടുത്തു.

# സംസ്ഥാന വനിതാ ക്യാമ്പ്

**പായിപ്പാട്:** ന്യൂ ഇന്ത്യാ ബൈബിൾ ചർച്ചിന്റെ പുത്രികാ സംഘടനയായ ന്യൂ ഇന്ത്യാ വിമൻസ് ഫെലോഷിപ്പിന്റെ ചുമതലയിൽ സംസ്ഥാന വനിതാക്യാമ്പ് 2017 ഏപ്രിൽ 10,11,12 (തിങ്കൾ, ചൊവ്വ, ബുധൻ) തീയതികളിൽ പായിപ്പാട് ന്യൂ ഇന്ത്യാ ബൈബിൾ സെമിനാരി ചാപ്പലിൽ വച്ച് നടത്തപ്പെടും. സഭാ പ്രസിഡന്റ് റവ.തോമസ് ഫിലിപ്പ് ക്യാമ്പ് ഉദ്ഘാടനം ചെയ്യും. പാസ്റ്റർമാരായ ഷാജി.സി.ഡി, സന്തോഷ് തോമസ്, സഹോദരിമാരായ ജോയമ്മ വർഗ്ഗീസ്, ഷീലാ ദാസ്, സിന്ധു ഗിരിജൻ, ഗ്രെയ്സ് മാത്യു, ഡിലൈറ്റ് സാം, ഷേർളി സണ്ണി, രമണി യോഹന്നാൻ, ജോയ്സ് ജേക്കബ് തുടങ്ങിയവർ വിവിധ സെക്ഷനുകളിൽ ക്ലാസ് നയിക്കും. ഗാനപരിശീലനം, കൗൺസിലിംഗ്, ചർച്ച, സാക്ഷ്യം, ബൈബിൾ ക്ലാസ്, സന്ദേശം, ചോദ്യത്തരവേള എന്നീ പ്രോഗ്രാമുകൾ നടത്തപ്പെടും. "തിരുവചനാടിസ്ഥാനത്തിൽ വനിതകളുടെ പ്രായോഗിക ജീവിതം" എന്നതാണ് ക്യാമ്പിന്റെ ചിന്താവിഷയം. ന്യൂ ഇന്ത്യാ വിമൻസ് ഫെലോഷിപ്പ് ക്വയർ ഗാനശുശ്രൂഷ നിർവ്വഹിക്കും. കുഞ്ഞുമോൾ പീറ്റർ, ലിസമ്മ രാജേഷ്, ലിയാ സാറാ ജോൺസൺ എന്നിവർ ക്യാമ്പിന് നേതൃത്വം നൽകും.


Patmos Ministries India

ഭാരത സുവിശേഷീകരണത്തിനായി അണിചേരൂ • ഇന്ത്യയുടെ 13 സംസ്ഥാനങ്ങളിലും നേപ്പാളിലും ബർമയിലും പ്രവർത്തനങ്ങൾ • പ്രാർത്ഥനാ ഗോപുരങ്ങൾ • കോൺഫ്രൻസുകൾ • ക്രൂസേഡുകൾ • തദ്ദേശീയരായ സുവിശേഷവേലക്കാരെ പരിശീലിപ്പിക്കുന്നട്രെയിനിംഗ്സെന്ററുകൾ • ഓർഫനേജുകൾ • മിഷൻസ്കൂളുകൾ • ജീവകാരുണ്യ സഹായം • ബൈബിൾ വിതരണം • ടി.വി. മിനിസ്ട്രി • സ്വയംതൊഴിൽ സംരംഭങ്ങൾ • ആതുരസേവനങ്ങൾ • കംമ്പ്യൂട്ടർ സെന്റർ • അനാഥർക്ക് ആശ്വാസഭവനവും ഭക്ഷണവും

പ്രാർത്ഥനയ്ക്കായി വിളിക്കൂ

പത്മോസ് പ്രയർ ടവർ

തിരുവല്ല: 09495614414, ചങ്ങനാശ്ശേരി: 09495174721
കാട്ടാക്കട, തിരുവനന്തപുരം: 09497744829,
ഗുജറാത്ത്: 09687480090
ഡൽഹി : 09811548283, മൈസൂർ: 09739973959

Head Office: Patmos Ministries India, Zion Bunglow, Changanacherry, 686 101, Kottayam (Dis) Kerala-India

MOB: 944736879, TEL: 0469 2666995
beljourn@gmail.com
beljourn.com/ www.bjournal.org
VOL 10, ISSUE 06

# BELIEVERS JOURNAL

PUBLISHED ON 25/03/2017

BELIEVERS JOURNAL
P. O. Box: 31, Manjadi P.O.,
Thiruvalla - 689 105

Posted at RMS Thiruvalla

RNI. NO. KERMAL/2008/26530 | POSTAL REG. NO. KL/TLA/225/2015-17 | Price: ₹10

"ഞങ്ങളോ ക്രൂശിക്കപ്പെട്ട ക്രിസ്തുവിനെ പ്രസംഗിക്കുന്നു"

## ബഥേൽ പ്രയർ മിനിസ്ട്രി ചാരിറ്റബിൾ ട്രസ്റ്റ്

CHURCH OF GOD (FULL GOSPEL) IN INDIA
KERALA STATE

## ചർച്ച് ഓഫ് ഗോഡ് (ഫുൾ ഗോസ്പൽ) ഇൻ ഇൻഡ്യ കേരളാ സ്റ്റേറ്റ്

ഇഞ്ചക്കാട് ടൗൺ ചർച്ച്, ബഥേൽ ഹൗസ്, എം. സി. റോഡ്, കൊട്ടാരക്കര

### പ്രയർ മീറ്റിംഗുകൾ

സഭായോഗവും ആരാധനയും: ഞായർ 9am -12 pm
വിടുതൽ ശുശ്രൂഷ: ചൊവ്വാ 10 am -1 pm
ഉപവാസ പ്രാർത്ഥന: വെള്ളി 10 am -1 pm
(എല്ലാ മാസത്തിന്റെയും അവസാന വെള്ളി, ശനി ദിവസങ്ങളിൽ 10 am -1 pm ഉപവാസ പ്രാർത്ഥന നടത്തപ്പെടുന്നു)

ഓൾ നൈറ്റ് പ്രയർ: എല്ലാ മാസവും മൂന്നാം വെള്ളി രാത്രി 9 മണി മുതൽ



പാസ്റ്റർ വിജു ഡാനിയേൽ
State Treasurer-Counselling Dept.
Church of God
Director - Bethel Prayer Ministry
E-mail: vijucgi@gmail.com

കൂടുതൽ വിവരങ്ങൾക്ക് : പാസ്റ്റർ വിജു ഡാനിയേൽ, ഫോൺ 8075453033

## കൃപാ സ്റ്റീൽ ഇൻഡസ്ട്രീസ്

എം. സി. റോഡ്, ഏനാത്ത്
ഫോൺ: 9847740055 / 9745634693
Email: kripasteels@gmail.com

Distributers in Wholesale & Retail

DISTRIBUTERS IN: സ്റ്റെയിലൻസ് സ്റ്റീൽ പൈപ്പുകൾ, സ്ക്വയർ പൈപ്പുകൾ, ഷീറ്റുകൾ, കമ്പികൾ, ഡിസൈൻ ഗ്രില്ലുകൾ, ഡിസൈൻ പൈപ്പുകൾ, ബോളുകൾ, ഹോളോ ബോളുകൾ, ബോൾ സെറ്റുകൾ, ചെയിനുകൾ തുടങ്ങി എല്ലാവിധ സ്റ്റെയിലൻസ് സ്റ്റീൽ മെറ്റീരിയലുകളും ഫിറ്റിംഗ്സുകളും ഏറ്റവും കുറഞ്ഞ (ഹോൾ സെയിൽ & റീട്ടെയിൽ) നിരക്കിൽ വിൽക്കപ്പെടുന്നു.

### ബ്രാഞ്ചുകൾ

ടെലിഫോൺ എക്സ്ചേഞ്ചിന് എതിർവശം
കരവാളൂർ, പുനലൂർ ഫോൺ: 9747242766

കുരിശ്ശിൻമൂട് ജംഗ്ഷൻ ചെങ്കുളം,
ഓയൂർ ഫോൺ: 9656869868

## ദി ഇമ്മാനുവേൽ സ്റ്റീൽസ് & മെറ്റൽസ്

എം. സി. റോഡ്, ഏനാത്ത് ഫോൺ: 9645513061, Email: theimmanuelsteels@gmail.com

### ബ്രാഞ്ചുകൾ

പൂതക്കുഴി ജംഗ്ഷൻ, നെടിയവിള (പുത്തൂർ)
ഫോൺ: 8086876553

എം. സി. റോഡ്, കുരമ്പാല, പന്തളം
ഫോൺ: 9562285902

Printed & Published by Peter Mathew Owned By M.V. Philip Mekkattu House, Payippad P.O, Alappuzha- 690 556, Samkutty Mathew Koipurath House, Makkapuzha.P.O., Ranni,PTA - 689 676, Peter Mathew, Valliyathu House, Kallumkal P.O., Thiruvalla, PTA- 689 111. Published From P.B. No. 8, R.S.P.O.Thiruvalla, Pin: 689 111 Pathanamthitta (Dist) & Printed at Cochin Printech Pvt Ltd., Udyogamandal P.O., Ernakulam Dist. Kerala, Editor - Samkutty Mathew.